No. 224

SEPTEMBER 2010

KERALA PRIVATE

# COLLEGE TEACHER

a monthly journal of the all kerala private college teachers' association

# മതങ്ങൾക്ക് മനുഷ്യത്വം നഷ്ടപ്പെടുമ്പോൾ



AKPCTA

KERALA PRIVATE
# COLLEGE TEACHER

*a monthly journal of*
*the all kerala private college teachers' association*

No.224 SEPTEMBER 2010

EDITORIAL BOARD

*Chief Editor*
Dr. S. Jayaraj kumar

*Managing Editor*
Dr. V. Jayakumar

*Assistant Editor*
Dr. G. S. Suresh

*Members*
M. Safarudeen
Dr. V. Rajendran Nair
D. Salimkumar
Kumari Geetha. S
Dr. K. Sreevalsan
M.S.Vasanthakumar
Dr. Mathew J. Muttath
B. Bhuvanendran
A.G. Olina
Dr. K.Biju kumar
Promod Vallachal
Dr. C. Sudheer

AKPCTA State Committee Office
Mathurbhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org

## inside




224

**A Victim of Fundamentalism**
Dr. K.N. Panikkar

മതങ്ങൾക്ക് മനുഷ്യത്വം നഷ്ടപ്പെടുമ്പോൾ
വി. എൻ. മുരളി

മുഹമ്മദ് നബിയെ നിന്ദിച്ചുവോ?
ഡോ. എൻ.എം.മുഹമ്മദാലി

മതം സിവിൽ സൊസൈററിയെ
കീഴടക്കുന്നതെങ്ങനെ
ജോസഫ് പുലിക്കുന്നേൽ

**Autonomy without Accountability**
Thomas Joseph

General Secretary's Page

Economic Focus

വാർത്താമധ്യം

ശാസ്ത്രജാലകം

വനിതാവേദി

സർവ്വീസ് പംക്തി

സമരപഥങ്ങൾ

പുസ്തകലോകം

കവിതകൾ

*View expressed by individuals in the journal are of their own and need not necessarily be taken as policy of the association.*

# പീലാത്തോസ് വീണ്ടും കൈകഴുകുന്നു

തൊടുപുഴ ന്യൂമാൻ കോളജ് പ്രൊഫസർ.ടി.ജെ.ജോസഫിനെ സർവീസിൽ നിന്നും പുറത്താക്കിക്കൊണ്ടുള്ള തൻെറ ഉത്തരവ് മുസ്ലീം സമുദായമൊ നീതിന്യായ കോടതികളോ അനുശാസിക്കുകയാണെങ്കിൽ പിൻവലിക്കാമെന്ന കോളജ് മാനേജർ റവ.മോൺ. തോമസ് മലേക്കുടിയുടെ നിലപാട് നൽകുന്ന സൂചനകൾ ഗൗരവപൂർവ്വം കാണേണ്ടതുണ്ട്; പ്രത്യേകിച്ചും, മാനേജരുടെ നടപടിയെ ന്യായീകരിച്ചുകൊണ്ട് കേരള കാത്തലിക് ബിഷപ്സ് കോൺഫറൻസിൻെറ (കെ.സി.ബി.സി.) വക്താക്കൾ നടത്തുന്ന പ്രസ്താവനകളുടെയും ബിഷപ് മാർ ജോർജ് പുന്നക്കോട്ടിലിൻെറ ഇടയ ലേഖനത്തിൻേറയും പശ്ചാത്തലത്തിൽ.

**രണ്ടുകാര്യങ്ങളാണ് പ്രത്യേകം ശ്രദ്ധിക്കേണ്ടത്.**

1. ശിക്ഷാനടപടികളുടെ ഉത്തരവാദിത്തം കോളജ് മാനേജ്മെൻറിൽ നിന്നും ക്രൈസ്തവ സഭ ഏറ്റെടുത്തിരിക്കുന്നു.
2. ശിക്ഷ വിധിക്കുന്നതിനും ഇളവുചെയ്യുന്നതിനുമുള്ള അധികാരങ്ങൾ മതനേതൃത്വത്തിലും കോടതികളിലും ഒരു പോലെ നിക്ഷിപ്തമാണന്ന് ക്രൈസ്തവ സഭ പ്രചരിപ്പിക്കുന്നു.

വളരെ ഗൗരവമുള്ള ക്രിമിനൽ കുററമാണ് പ്രൊഫ. ജോസഫിൻെറ പേരിൽ ആരോപിക്കപ്പെട്ടിരിക്കുന്നത് — ഇന്ത്യൻ ശിക്ഷാനിയമം സെക്ഷൻ 295 A പ്രകാരം, ക്രിമിനൽ നടപടിക്രമം സെക്ഷൻ 196 (1)ൻെറ അടിസ്ഥാനത്തിൽ സർക്കാരിൻെറ അനുവാദത്തോടുകൂടി മാത്രം കോടതികൾ പരിഗണിക്കേണ്ട കുററം. ഇതുമായി ബന്ധപ്പെട്ട് സർക്കാരും കോടതിയും നടപടികൾ ആരംഭിച്ചു കഴിഞ്ഞതിനു ശേഷം, കോടതിക്കു മുമ്പേ വിചാരണയും വിധി പ്രസ്താവും നടത്തിയ മാനേജരുടെ ലക്ഷ്യമെന്താണ്? മതതീവ്രവാദികളുടെ അതിക്രൂരമായ ആക്രമണത്തിന് ഇരയായി, ശാരീരികവും മാനസികവും സാമ്പത്തികവുമായി സ്വയം പ്രതിരോധത്തിന് പ്രൊഫ.ജോസഫ് ഒട്ടും ശക്തനല്ലാത്ത സാഹചര്യത്തിൽ, തുടങ്ങിവച്ച ശിക്ഷാനടപടികൾ സർവകലാശാല പുനഃപരിശോധിക്കുകയും നിർത്തി വയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ, സർവകലാശാലാ നിയമങ്ങളും ചട്ടങ്ങളും മറികടന്ന് അന്വേഷണപ്രക്രിയയും ശിക്ഷാനടപടിയും നടപ്പാക്കിയ മാനേജരുടെ ലക്ഷ്യമെന്തായിരുന്നു?

പ്രൊഫ.ജോസഫിനെതിരെ സ്വീകരിച്ച ശിക്ഷാനടപടി നിയമപരമായി നില നിൽക്കണമെന്ന് തങ്ങൾക്കു നിർബന്ധമില്ലെന്ന മാനേജുമെൻറിൻെറ ഔദാര്യപൂർവ്വമുള്ള നിലപാട് നമുക്കു മുഖവിലയ്ക്കെടുക്കാം. പ്രൊഫ.ജോസഫിനോട് വ്യക്തിപരമായി വിരോധമില്ലെന്നും അദ്ദേഹത്തിൻെറ ദൈന്യാവസ്ഥയിൽ കരുണാമയവും പ്രാർത്ഥനാപൂർവ്വവുമായ ഇടപെടൽ മാത്രമെ നടത്തിയിട്ടുള്ളു എന്ന സഭയുടെ നിലപാടും മുഖവിലയ്ക്കെടുക്കാം. മാനേജ്മെൻറ് അദ്ദേഹത്തിന് സാമ്പത്തികസഹായം നൽകി എന്നു പറയുന്നത് വസ്തുതാപരമായി ശരിയല്ലെങ്കിലും (പ്രൊഫ.ജോസഫിൻെറ നിഷേധക്കുറുപ്പിൻെറ അടിസ്ഥാനത്തിൽ) ഭാവിയിലെങ്കിലും മാനേജുമെൻറും സഭയും ഇതിനു തയ്യാറാകുമെന്നും നമുക്കു പ്രത്യാശിക്കാം.

മാനേജരുടെ ലക്ഷ്യം ജോസഫ് അല്ല എന്നതുവ്യക്തം. ക്രൈസ്തവസഭ ജോസഫിനെ ശത്രുവായി കാണുന്നില്ല. സാന്ദർഭികമായി വീണുകിട്ടിയ ഒരുപകരണം മാത്രമാണ് ജോസഫ്. കേവലം വ്യക്തിപരമായ സഹാനുഭൂതിക്കൊ വിദ്വേഷത്തിനൊ അപ്പുറത്ത് സഭയുടെ ദീർഘകാല ലക്ഷ്യങ്ങൾ നേടാനുള്ള അവസരമായാണ് ജോസഫിൻെറ വിവാദചോദ്യത്തെയും അതേത്തുടർന്ന് മതതീവ്രവാദികൾ അദ്ദേഹത്തിനെതിരെ നടത്തിയ കിരാതമായ ആക്രമണത്തേയും സഭാധികാരികൾ കാണുന്നത്. ആത്യന്തികലക്ഷ്യം സഭയുടെ അധികാരവൽക്കരണവും മഹത്വവൽക്കരണവുമാണ്. മററെല്ലാം ചവിട്ടുപടികൾ മാത്രം.

തീവ്രവാദികൾ ജോസഫിൻെറ കൈവെട്ടിയെടുത്തതിലൂടെയും ക്രൈസ്തവസഭ ജോസഫിനെ പിരിച്ചുവിട്ടതിലൂടെയും ലക്ഷ്യമാക്കുന്നത് ഒന്നുതന്നെ. ഭരണഘടനാപരമായ നീതിന്യായക്കോടതികൾക്കു സമാന്തരമായി മതകോടതികൾ സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. സർവ്വകലാശാലയുടെ ചട്ടങ്ങൾ മറികടന്ന്, നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതും, ശിക്ഷവിധിച്ചു നടപ്പാക്കുന്നതും, മതനേതൃത്വത്തിന് അപ്പീൽ കോടതിയുടെ സ്ഥാനം നൽകുന്നതും പുതിയ അധികാരകേന്ദ്രങ്ങൾ സൃഷ്ടിച്ചെടുക്കാൻ നടത്തുന്ന ബോധപൂർവ്വമായ ഇടപെടലുകൾ തന്നെ.

ആന്തരികവൈരുദ്ധ്യങ്ങളിൽപെട്ട് തകർന്നടിഞ്ഞു തുടങ്ങിയിരുന്ന റോമാസാമ്രാജ്യത്തിനോടു വിധേയത്വം പുലർത്താൻവേണ്ടി യേശുവിനു കുരിശു മരണം വിധിച്ച പീലാത്തോസും ആത്മീയത ചോർന്നുപോയ റോമൻ കത്തോലിക്കാസഭയുടെ അധികാരവൽക്കരണത്തിനുവേണ്ടി പ്രൊഫ.ജോസഫിന് കുരിശിലെ ജീവിതം വിധിച്ച റവ.മോൺ. തോമസ് മലേക്കുടിയും കുററബോധം കഴുകിക്കളയാമെന്ന് വ്യാമോഹിച്ചത്, വലിയ സാമ്രാജ്യത്വത്തിൻെറ ചെറിയ ഉപകരണങ്ങളായി തങ്ങളെ സ്വയം പ്രതിഷ്ഠിച്ചുകൊണ്ടാണ്.

വ്യക്തികളുടെ ഒററപ്പെട്ട തെററുകളേയും വീഴ്ചകളേയും അവിവേകമായി കണ്ട് മറക്കാനും പൊറുക്കാനും കഴിയേണ്ടതാണ്. എന്നാൽ ആലോചിച്ചുറച്ച്, ദീർഘകാലലക്ഷ്യങ്ങളോടെ ഭരണഘടനാപരമായ നീതിന്യായ വ്യവസ്ഥിതിയെ അട്ടിമറിക്കാൻ സംഘടിത മതങ്ങൾ നടത്തുന്ന ഗൂഢാലോചനകൾ നിസ്സാരമായി കാണാവുന്നതല്ല. ജനാധിപത്യത്തിനും, മതേതരത്വത്തിനും, രാഷ്ട്രസങ്കൽപത്തിനും ഭീഷണി ഉയർത്തുന്ന ഇത്തരം മത-സാമ്രാജ്യത്ത താത്പര്യങ്ങളെ തിരിച്ചറിഞ്ഞ് ശക്തിയുക്തം ചെറുക്കേണ്ടതുണ്ട്. ജോസഫിൽ ആരോപിക്കപ്പെടുന്ന കുററത്തേക്കാൾ, ജോസഫിനെ സർവീസിൽ നിന്നു പിരിച്ചുവിടുന്നതിലൂടെ റവ.മോൺ.തോമസ് മലേക്കുടി ചെയ്ത കുററം കൂടുതൽ ഗൗരവമേറിയ ചർച്ചയ്ക്കു വിധേയമാക്കേണ്ടത് ഇത്തരമൊരു സാഹചര്യത്തിലാണ്.

# 1599 പുതിയ കോളജ് അധ്യാപക തസ്തികകൾക്ക് അംഗീകാരം



നമ്മുടെ സംഘടന നടത്തിയ ദീർഘനാളത്തെ സമര- പ്രക്ഷോഭങ്ങൾക്കൊടുവിലിതാ കേരള സർക്കാർ 1998-2001 കാലയളവിലനുവദിച്ച കോഴ്സുകൾക്ക് എയ്ഡഡ് പദവി നൽകിക്കൊണ്ടും അതിൻെറ ഭാഗമായുണ്ടായ അധിക തസ്തികകൾക്ക് അംഗീകാരം നൽകിക്കൊണ്ടും ഉത്തരവിറക്കിയിരിക്കുന്നു! 1998 ൽ കേരളത്തിൽ അധികാരത്തിലുണ്ടായിരുന്ന നായനാർ സർക്കാരാണ് ഒരു വലിയ ഇടവേളയ്ക്കുശേഷം എയ്ഡഡ് മേഖലയിലും സർക്കാർ മേഖലയിലും ഉള്ള കോളജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ചുകൊണ്ട് ഉത്തരവിറക്കിയത്. പ്രീഡിഗ്രി കോളജുകളിൽ നിന്നും വേർപെടുത്തിയതിനെ തുടർന്നുണ്ടായ സാഹചര്യത്തിലാണ് പുതിയ കോഴ്സുകൾ ആരംഭിച്ചത്. തുടർന്നുവന്ന യു.ഡി.എഫ് സർക്കാരും 2000-2001 കാലയളവിൽ എയ്ഡഡ് കോളജുകളിൽ കോഴ്സുകൾ അനുവദിക്കുകയുണ്ടായി. എന്നാൽ ഈ രീതിയിലാരംഭിച്ച കോഴ്സുകളുടെ ഭാഗമായി സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരാൻ പാടില്ല എന്ന നിഷ്കർഷയും ഉത്തരവിനോടൊപ്പമുണ്ടായിരുന്നു. ഇതിനെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ഉദ്യോഗസ്ഥർ നിലവിലുള്ള അധ്യാപകരിൽ പ്രീഡിഗ്രി ഡീലിങ്ക് ചെയ്തതിനെ തുടർന്ന് വേണ്ടത്ര ജോലി ഭാരമില്ലാതെവന്നവരുൾപ്പെടെയുള്ളവരുടെ ശമ്പളം തടഞ്ഞുവയ്ക്കുവാനും അർഹമായ പ്രൊമോഷനുകൾ അനുവദിക്കാതിരിക്കുവാനും ശ്രമിക്കുകയുണ്ടായി. ദീർഘനാൾ ഇതിൻെറ പേരിൽ നൂറു കണക്കിന് അധ്യാപകർ പീഢിപ്പിക്കപ്പെട്ടു. സംഘടന അതിശക്തമായി തന്നെ ഈ നിലപാടുകളെ എതിർക്കുകയും പ്രക്ഷോഭരംഗത്ത് വരുകയുമുണ്ടായി. 1998നും 2001 നും ഇടയ്ക്ക് അനുവദിച്ച കോഴ്സുകൾക്ക് അംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് നാം നിരവധി പ്രക്ഷോഭങ്ങൾക്ക് രൂപം നൽകി. എ.കെ.പി.സി.ടി.എ അല്ലാതെ മററൊരു സംഘടനയും ഇത്രയും നാൾ അധ്യാപകൻെറ ഈ പ്രശ്നം മുൻനിർത്തി പ്രക്ഷോഭരംഗത്തു വന്നുകണ്ടില്ല എന്നത് ഓരോ അധ്യാപകരും ഓർക്കേണ്ടതാണ്. വിവിധരൂപത്തിൽ നാം നടത്തിയ പ്രക്ഷോഭങ്ങൾക്ക് ഒടുവിൽ വിജയം നേടുവാനായി. കേരളത്തിലെ ഇടതുപക്ഷ സർക്കാർ ഇതു സംബന്ധിച്ച ഉത്തരവിറക്കി. ഈ ഉത്തരവിലൂടെ 1599 പുതിയ തസ്തികകൾ എയ്ഡഡ് കോളജ് മേഖലയിൽ സൃഷ്ടിച്ചിരിക്കുകയാണ്. ഈ അവസരം വന്നു ചേർന്നതിന് കാരണക്കാർ തെരുവിലിറങ്ങി പ്രക്ഷോഭം നടത്തിയ എ.കെ.പി.സി.ടി.എ. എന്ന സംഘടന മാത്രമാണെന്നത് ഇതുകൊണ്ട് പ്രയോജനം ലഭിക്കുന്ന തൊഴിൽരഹിതരും അഭ്യസ്തവിദ്യരുമായ യുവാക്കൾ ഓർക്കേണ്ടതുണ്ട്. യു.ജി.സി ശമ്പളപരിഷ്കാരത്തിനായുള്ള സമരഘട്ടങ്ങളിൽ, പെൻഷൻ പ്രായം ഉയർത്തുന്നതുമായി ബന്ധപ്പെടുത്തി ആക്ഷേപപ്രചരണം നടത്തിയ ചില ഈയാംപാററ സംഘങ്ങളും അവർക്ക് പിറകിൽ നിന്ന് കരുത്തേകിയ ചില മുഖ്യധാര യുവജനപ്രസ്ഥാനങ്ങളും, ഈ നേട്ടം എ.കെ.പി.സി.ടി.എ.യുടെ ശ്രമം കൊണ്ടുമാത്രം ഇടതുസർക്കാർ നൽകിയതാണെന്ന് ഓർക്കണം. കാലവിളംബരമുണ്ടായെങ്കിലും ഈ ഉത്തരവിറക്കാൻ കഴിഞ്ഞതിലൂടെ കേരളത്തിലെ ഇടതുപക്ഷ സർക്കാർ വിദ്യാഭ്യാസരംഗത്ത് സാമൂഹ്യനീതിക്കായി നടത്തുന്ന ശ്രമങ്ങളുടെ ഫലപ്രാപ്തിക്ക് അവസരമൊരുക്കിയിരിക്കുകയാണ്. എന്നാൽ സന്തോഷകരമെങ്കിലും ഗൗരവതരമായ ചില വീഴ്ചകളും ഈ ഉത്തരവിൽ കടന്നുകൂടിയിട്ടുണ്ട്. ഈ ഉത്തരവിലെ അപാകതകൾ പരിഹരിക്കാനായി സർക്കാരിനോട് സംഘടന ആവശ്യപ്പെടുകയാണ്. ഇടതുസർക്കാരിൻെറ പ്രതിബദ്ധതയ്ക്കു മുന്നിൽ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.

പ്രൊഫ. ടി. ജെ. ജോസഫിനെ
സർവ്വീസിൽ നിന്നും പിരിച്ചുവിട്ട
നടപടിക്കെതിരെ വ്യാപകമായ പ്രതിഷേധം

# ഞാൻ എന്ത് തെററ് ചെയ്തു?

## ഇത് കൈപ്പത്തി വെട്ടിയതിനേക്കാൾ വലിയ ശിക്ഷ

## – പ്രൊഫ. ടി. ജെ. ജോസഫ്

സഭയോടും മുസ്ലീം സമുദായത്തോടും മാപ്പ് അപേക്ഷിച്ചിട്ടും കൈപ്പത്തി വെട്ടിയെടുത്തു. കൈപ്പത്തി വെട്ടിയതിനേക്കാൾ വലിയ ശിക്ഷയാണ് ജോലിയിൽ നിന്നും പിരിച്ചുവിട്ടതിലൂടെ തൊടുപുഴ ന്യൂമാൻസ് കോളജ് മാനേജ്മെൻറ് നൽകിയത്. തൻെറ നിരപരാധിത്വം സഭയും മാനേജ്മെൻറും മനസ്സിലാക്കും എന്നാണ് കരുതിയത്. കൈപ്പത്തി വെട്ടൽ നൽകിയ ശാരീരികവും മാനസികവുമായ വേദന മറക്കാൻ കഴിയും. എന്നാൽ ജോലിയുമായി ബന്ധപ്പെട്ട അവകാശങ്ങളും പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങളും നിഷേധിച്ച മാനേജ്മെൻറ് നടപടി തൻെറയും കുടുംബത്തിൻെറയും ഭാവി ഇരുളടഞ്ഞതാക്കി.



# പിരിച്ചുവിടൽ തീവ്രവാദികൾക്ക് ധാർമികപിന്തുണ – എ.കെ.പി.സി.ടി.എ

മതനിന്ദ ആരോപിച്ച് പ്രൊഫ.ടി.ജെ.ജോസഫിനെ തൊടുപുഴ ന്യൂമാൻസ് കോളജ് മാനേജ്മെൻറ് പിരിച്ചുവിട്ട നടപടിയിൽ എ കെ പി സി ടി എ ശക്തമായി പ്രതിഷേധിച്ചു. ഇതേ ആക്ഷേപം ഉന്നയിച്ചാണ് രണ്ടു മാസം മുമ്പ് പോപ്പുലർ ഫ്രണ്ട് പ്രവർത്തകർ പ്രൊഫ.ടി.ജെ.ജോസഫിനെ ആക്രമിച്ച് വെട്ടി പരിക്കേൽപ്പിച്ചത്. മതതീവ്രവാദികൾ ജോസഫിൻെറ കൈപ്പത്തി വെട്ടിമാററി കാട്ടുനീതി നടപ്പാക്കിയപ്പോൾ കോളജ് മാനേജ്മെൻറ് അദ്ദേഹത്തിൻെറ മറെറ കൈകൂടി വെട്ടിമാററുന്നതരത്തിൽ തീരുമാനമെടുത്ത് തീവ്രവാദികൾക്ക് ധാർമികപിന്തുണ നൽകിയിരിക്കുകയാണ്.പ്രൊഫ.ടി.ജെ.ജോസഫ് മതനിരപേക്ഷമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന വ്യക്തിയാണ്. തൻെറ നിരപരാധിത്വം കേരള സമൂഹത്തോട് ആവർത്തിച്ചാവർത്തിച്ച് ബോധ്യപ്പെടുത്തുകയും ഏതെങ്കിലും ജനവിഭാഗത്തെ വേദനിപ്പിച്ചെങ്കിൽ മാപ്പുതരണമെന്ന് പറയുകയും ചെയ്തതാണ്.

മുസ്ലീം ജനസാമാന്യമുൾപ്പെടെയുള്ള മതനിരപേക്ഷസമൂഹം അദ്ദേഹത്തിനോട് ക്ഷമിക്കുകയും എം.ജി. സർവ്വകലാശാല അദ്ദേഹത്തിനെതിരായി കൈക്കൊണ്ട നടപടി പിൻവലിക്കുകയും ചെയ്തു. എന്നിട്ടും ക്ഷമയും സഹിഷ്ണുതയും ദൈവികതയും ഉയർത്തിപ്പിടിക്കേണ്ടവർ പ്രൊഫ.ടി.ജെ.ജോസഫിനോട് ദയ കാണിച്ചില്ല. മുസ്ലീം സമൂഹം ക്ഷമിക്കാത്തതുകൊണ്ടാണ് നടപടിയെടുത്തതെന്ന മാനേജ്മെൻറിൻെറയും ക്രൈസ്തവസഭയുടെയും വാദം അപഹാസ്യമാണ്. കേരളത്തിൽ വളർന്നുവരുന്ന മതതീവ്രവാദികളോട് ക്രൈസ്തവസഭ സന്ധിചേരുന്നതിൻെറ സൂചനയായിട്ടാണ് സംഘടന ഈ നടപടിയെ കാണുന്നത്. ധർമവും മനുഷ്യസ്നേഹവും പ്രചരിപ്പിക്കേണ്ടവർ ഇത്തരം ക്രൂരത കാണിച്ചാൽ അത് വരുംതലമുറയ്ക്ക് തെററായ സന്ദേശമാണ് എത്തിക്കുക എന്ന കാര്യം സാംസ്കാരിക കേരളം തിരിച്ചിറിയണമെന്ന് എ കെ പി സി ടി എ അഭ്യർത്ഥിച്ചു. തീരുമാനം പുനഃപരിശോധിക്കണമെന്നും പ്രൊഫ.ടി.ജെ.ജോസഫിനെ തിരിച്ചെടുക്കണമെന്നും എ.കെ.പി.സി ടി.എ സംസ്ഥാന പ്രസിഡൻറ് പ്രൊഫ.എം.സഫറുദീനും ജനറൽ സെക്രട്ടറി ഡോ.വി.രാജേന്ദ്രൻനായരും ആവശ്യപ്പെട്ടു.

# പ്രൊഫ.ടി.ജെ.ജോസഫിന് ചികിത്സാ സഹായനിധി കൈമാറി

ഒരുദിവസംകൊണ്ട് എ. കെ. പി.സി.ടി.എ.യുടെ വിവിധ ബ്രാഞ്ചുകളിൽ നിന്ന് സമാഹരിച്ച പ്രൊഫ. ജോസഫ് ചികിത്സാ സഹായനിധിയായ ആറു ലക്ഷം രൂപ പ്രൊഫ. ടി.ജെ. ജോസഫിൻെറ വീട്ടിലെത്തി എ.കെ.പി.സി.ടി.എ പ്രസിഡൻറ് പ്രൊഫ. എം. സഫറുദ്ദീൻ കൈമാറി. എ.കെ.പി.സി.ടി.എ വൈസ് പ്രസിഡൻറ് പ്രൊഫ. ഡി. സലിംകുമാർ, ജനറൽ സെക്രട്ടറി ഡോ. വി. രാജേന്ദ്രൻനായർ, ട്രഷറർ ഡോ. ശ്രീവത്സൻ, സെക്രട്ടറി ഡോ. കെ.പി.സുകുമാരൻ, പ്രൊഫ. പി. രഘുനാഥ്, പ്രൊഫ. ടൊമ്മിച്ചൻ ജോസഫ് എന്നിവർ ഈ അവസരത്തിൽ സന്നിഹിതരായിരുന്നു.





# അധ്യാപകനെ പുറത്താക്കിയത് വലിയ തെററ്
## – എം. എ. ബേബി

സർവീ
തൊടുപുഴ ന്യൂമാൻ കോളജ് അധ്യാപകൻ പ്രൊഫ.ടി.ജെ.ജോസഫിനെ മന്ത്രി
സിൽ നിന്ന് നീക്കിയ മാനേജ്മെൻറ് നടപടി വലിയ തെററാണെന്ന് അ
എം.എ.ബേബി പറഞ്ഞു. ചെയ്ത പിഴവിനേക്കാൾ കടുത്ത അനുഭവങ്ങളാണ് പിഴയേക്കാൾ
ധ്യാപകൻ പിന്നീട് നേരിട്ടുകൊണ്ടിരിക്കുന്നത്. അധ്യാപകൻ ചെയ്ത നി
വലിയ തെററാണ് ഇപ്പോൾ മാനേജ്മെൻറിൽ നിന്ന് ഉണ്ടായത്. സർവീസിൽ പറഞ്ഞു.
ന്ന് പുറത്താക്കിയത് അതിരുകടന്ന നടപടിയായിപ്പോയെന്നും ബേബി

## സഹോദരൻ തെററ് ചെയ്തിട്ടില്ല
## – സിസ്ററർ സ്റെറല്ല

ന്യൂമാൻ കോളജ് അധ്യാപകൻ ടി.ജെ.ജോസഫിനെ പിരിച്ചുവിട്ട മാനേജ്മെൻറ് നടപടി ക്രൂരതയാണെന്ന് സഹോദരി സിസ്ററർ സ്റെറല്ല പറഞ്ഞു. എൻെറ സഹോദരൻ അറിഞ്ഞുകൊണ്ട് തെററൊന്നും ചെയ്തില്ല. ചെയ്തുപോയതിന് മാപ്പു പറഞ്ഞു. എന്നിട്ടും കേസെടുത്തു. കൈപ്പത്തി വെട്ടിമാററി ക്രൂരമായ ശിക്ഷ നടപ്പാക്കി. ഇതൊക്കെ കഴിഞ്ഞപ്പോൾ ജോലിയിൽ നിന്ന് പിരിച്ചുവിട്ടുകൊണ്ടുള്ള നീതി നടപ്പാക്കലിൻെറ അർത്ഥം മനസ്സിലാകുന്നില്ല. നടപടിയിലൂടെ പെൻഷന് പോലും അർഹതയില്ലാതായി. ആ കുടുംബം ഇനി എങ്ങനെ ജീവിക്കുമെന്നും സിസ്ററർ സ്റെറല്ല ചോദിച്ചു.

## നീതീകരിക്കാനാകില്ല
## – കെ എസ് ടി എ

ടി.ജെ.ജോസഫിനെ പിരിച്ചുവിട്ട മാനേജ്മെൻറ് നടപടി ക്രൂരവും നീതീകരിക്കാനാകാത്തതുമാണെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിററി പറഞ്ഞു. കൈ വെട്ടി അർധപ്രാണനാക്കിയ പോപ്പുലർഫ്രണ്ട് ഭീകരതയെ സഹായിക്കുന്നതാണ് കോളജ് മാനേജ്മെൻറിൻെറ നടപടി. വർഗീയ ഭീകരപ്രസ്ഥാനങ്ങളും മാനേജ്മെൻറിൻെറ സാമ്പത്തിക താൽപ്പര്യങ്ങളും കൈകോർക്കുന്നതിൻെറ സൂചനയാണിത്. ഇതിനെതിരെ ജനകീയപ്രതിരോധം ഉയരണമെന്ന് കെ എസ് ടി എ അഭ്യർത്ഥിച്ചു.

## മാനേജ്മെൻറ് നടപടി ക്രൂരം– സാംസ്കാരിക നായകർ

മതതീവ്രവാദികൾ കൈപ്പത്തി വെട്ടിമാററിയ പ്രൊഫ. ടി.ജെ.ജോസഫിനെ പിരിച്ചുവിട്ട കോളജ് മാനേജ്മെൻറിൻെറ നടപടി ക്രൂരവും മനുഷ്യത്വഹീനവുമാണെന്ന് സാംസ്കാരിക നായകർ സംയുക്ത പ്രസ്താവനയിൽ പറഞ്ഞു. ഒ.എൻ.വി.കുറുപ്പ്, ഡോ.കെ.എൻ.പണിക്കർ, ഡോ.നൈനാൻകോശി, യു.എ.ഖാദർ, പി.വത്സല, പ്രൊഫ. ജോർജ് ഓണക്കൂർ എന്നിവരാണ് പ്രസ്താവന പുറപ്പെടുവിച്ചത്.

അശ്രദ്ധകൊണ്ടോ അറിവില്ലായ്മകൊണ്ടോ വേണ്ടത്ര കരുതലില്ലായ്മകൊണ്ടോ സംഭവിച്ച ഒരു പിഴവിന് ഈ അധ്യാപകൻ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടു കഴിഞ്ഞു. ജനാധിപത്യകേരളത്തെ ഞെട്ടിപ്പിച്ച സംഭവത്തിനുപിന്നാലെ അദ്ദേഹത്തെ ജോലിയിൽ നിന്ന് പിരിച്ചുവിടുന്നത് കൈപ്പത്തി വെട്ടിമാററിയതുപോലെ ക്രൂരവും ഹീനവുമാണ്. മനസ്സാക്ഷിയുള്ള കേരളയീരുടെ മുഴുവൻ സഹതാപപൂർണ്ണമായ പിന്തുണ ടി.ജെ.ജോസഫിന് ഉണ്ടാകുമെന്ന് അവർ പറഞ്ഞു.

## അധ്യാപകനെ പിരിച്ചുവിട്ടതിൽ പ്രതിഷേധിക്കുക
## – സാഹിത്യസംഘം

തൊടുപുഴ ന്യൂമാൻ കോളജ് അധ്യാപകൻ ജോസഫിനെ ജോലിയിൽ നിന്ന് പിരിച്ചുവിട്ട കോളജ് മാനേജ്മെൻറിൻെറ നടപടിയിൽ പുരോഗമന കലാസാഹിത്യസംഘം സംസ്ഥാന കമ്മിററി പ്രതിഷേധിച്ചു. ചോദ്യപേപ്പറിൽ സംഭവിച്ച വീഴ്ചയുടെ പേരിൽ മതഭ്രാന്തന്മാർ അധ്യാപകൻെറ കൈപ്പത്തി വെട്ടിമാററിയ സംഭവത്തെ സാംസ്കാരിക കേരളമാകെ അപലപിച്ചതാണ്. ശാരീരികവും മാനസികവുമായി വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ അധ്യാപകനെ സർവീസിൽ നിന്ന് പുറത്താക്കിയ കിരാതനടപടിക്കെതിരെ ശബ്ദമുയർത്തണമെന്നും ജനറൽസെക്രട്ടറി പ്രൊഫ. വി.എൻ.മുരളി ആവശ്യപ്പെട്ടു.

## പിരിച്ചുവിട്ട നടപടി ദൗർഭാഗ്യകരം
## – എ.കെ.ജി.സി.ടി

പ്രൊഫ. ടി. ജെ. ജോസഫിനെ പിരിച്ചുവിട്ട നട

പടി ദൗർഭാഗ്യകരമാണെന്ന് അസോസിയേഷൻ ഓഫ് കേരള ഗവൺമെൻറ് കോളേജ് ടീച്ചേഴ്സ് സംസ്ഥാനകമ്മിററി അറിയിച്ചു. ജോസഫിനെ ഉടൻ സർവീസിൽ തിരിച്ചെടുക്കണമെന്ന് ജനറൽ സെക്രട്ടറി പ്രൊഫ.കെ.ജയകുമാർ ആവശ്യപ്പെട്ടു.

## പിരിച്ചുവിടൽ സ്വാഭാവിക നീതിക്കും മാനുഷികമൂല്യങ്ങൾക്കും നിരക്കാത്തത്

### – കേരള എൻ.ജി.ഒ യൂണിയൻ

പിരിച്ചുവിടൽ സ്വാഭാവിക നീതിക്കും മാനുഷികമൂല്യങ്ങൾക്കും നിരക്കുന്നതല്ലെന്ന് കേരള എൻജിഒ യൂണിയൻ പ്രസ്താവനയിൽ പറഞ്ഞു. കൂടുതൽ മാനുഷിക പരിഗണന അർഹിക്കുന്ന സാഹചര്യത്തിൽ സാമ്പത്തികവും മാനസികവുമായി പീഡനം അനുഭവിക്കുന്ന കുടുംബത്തോടും അധ്യാപകരോടും കാട്ടിയ നിന്ദ്യവും നീചവുമായ നടപടിയാണിതെന്നും ഇതിനെതിരെ പ്രതിഷേധം ഉയരണമെന്നും യൂണിയൻ അഭ്യർത്ഥിച്ചു.

## മനുഷ്യത്വരാഹിത്യം

### – എഫ്. എസ്. ഇ. ടി. ഒ

മനുഷ്യത്വരഹിതമായ ഈ നടപടിയിൽ പ്രതിഷേധിക്കാൻ മുഴുവൻ ജീവനക്കാരോടും അധ്യാപകരോടും എഫ്. എസ്. ഇ. ടി. ഒ അഭ്യർത്ഥിച്ചു.

## പ്രൊഫ. ജോസഫിനെ പുറത്താക്കിയത് ക്രൂരത

### – ഡിവൈഎഫ്ഐ

തീവ്രവാദസംഘത്തിൻെറ ആക്രമണത്തിൽ കൈപ്പത്തി നഷ്ടപ്പെട്ട പ്രൊഫ. ടി.ജെ.ജോസഫിനെ കോളജിൽനിന്ന് പുറത്താക്കിയ ന്യൂമാൻസ് കോളജ് മാനേജ്മെൻറ് നടപടി ക്രൂരമായിപ്പോയെന്ന് ഡി വൈ എഫ് ഐ സംസ്ഥാന സെക്രട്ടറിയററ് വാർത്താക്കുറിപ്പിൽ പറഞ്ഞു. ഗുരുതരമായി പരിക്കേററ് ചികിത്സയിൽ കഴിയുന്ന അദ്ദേഹത്തിനെതിരെ ഇത്തരമൊരു നടപടി സ്വീകരിക്കാൻ പാടില്ലായിരുന്നു.ചോദ്യപേപ്പർ വിവാദവുമായി ബന്ധപ്പെട്ട് അദ്ദേഹം ശിക്ഷാനടപടികളെ അഭിമുഖീകരിക്കെയാണ് എൻ ഡി എഫ് നേതൃത്വത്തിൽ താലിബാനിസ്ററ് ആക്രമണമുണ്ടായത്. ഈ ആക്രമണത്തിനെതിരെ എല്ലാ വിഭാഗം ജനങ്ങളും പ്രതിഷേധിച്ചതുമാണ്. ഇത്തരമൊരു സാഹചര്യത്തിൽ സംഭവത്തെമുൻനിർത്തി വ്യക്തിപരമായ വിദ്വേഷം തീർക്കുന്ന രീതിയിലുള്ള നടപടി അനാവശ്യമായിരുന്നു. തീരുമാനം പുനഃപരിശോധിക്കണമെന്ന് ഡി വൈ എഫ് ഐ സംസ്ഥാന സെക്രട്ടറിയററ് ആവശ്യപ്പെട്ടു.

## പിരിച്ചുവിട്ട നടപടി ക്രൂരം

### – ജസ്ററീസ് കെ.ടി.തോമസ്

പ്രൊഫ.ജോസഫിനെ പിരിച്ചുവിട്ട കോളജ് മാനേജ്മെൻറിൻെറ നടപടി ക്രൂരമായിപ്പോയെന്ന് ജസ്ററീസ് കെ. ടി. തോമസ്. കാർഡിനൽ ന്യൂമാൻെറ പേരിൽ ന്യൂമാൻെറ പേരിൽ സ്ഥാപിച്ച ഒരു കോളജിൽ ഇങ്ങനെ ചിന്താരഹിതമായ ഒരു നടപടി സ്വീകരിക്കാൻ പാടില്ലായിരുന്നു വെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

## പുറത്താക്കിയ നടപടി ക്രൂരം

### – ബി.ജെ.പി

താലിബാനിസത്തിന് ഇരയായ ആളെ വിചാരണ നടത്താതെ തൂക്കിലേററിയതിന് സമാനമാണ് തൊടുപുഴ ന്യൂമാൻ കോളജിലെ മലയാളം അധ്യാപകൻ പ്രൊഫ. ടി. ജെ. ജോസഫിന് എതിരായുള്ള മാനേജ്മെൻറ് നടപടിയെന്ന് ബി. ജെ. പി സംസ്ഥാന പ്രസിഡൻറ് വി. മുരളീധരൻ. പ്രൊഫ. ജോസഫിൻെറ കുടുംബത്തെ അനാഥമാക്കുകയെന്ന മതഭീകരവാദികളുടെ നടക്കാതെപോയ അജണ്ട നടപ്പാക്കുകയാണ് സർവ്വീസിൽ നിന്നും നീക്കം ചെയ്തതിലൂടെ ഉണ്ടായത്. ഭീകരവാദികളുടെ ഭീഷണിക്കു മുമ്പിൽ മുട്ടുമടക്കിയ മാനേജ്മെൻറിൻെറ നടപടി ക്രൂരമാണെന്ന് മുരളീധരൻ അഭിപ്രായപ്പെട്ടു.

## നടപടി നീതികരിക്കാനാകാത്തത്

### – എസ്. എഫ്. ഐ

പ്രൊഫ.ജോസഫിനെ പിരിച്ചുവിട്ട കോളജ് മാനേജ്മെൻറിൻെറ നടപടി നീതികരിക്കാനാകാത്തതാണെന്ന് എസ്. എഫ്. ഐ സംസ്ഥാന സെക്രട്ടറിയേററ് പറഞ്ഞു. ദേശീയ അധ്യാപകദിനം രാജ്യത്താകമാനം ആഘോഷിച്ചുകൊണ്ടിരിക്കുമ്പോഴാണ് മാനേജ്മെൻറും മതതീവ്രവാദികളും ചേർന്ന് ഒരധ്യാപകനെ ക്രൂശിക്കുന്നത്. മതസ്പർധ വളർത്തുന്ന ശക്തികളെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് മാനേജ്മെൻറ് സ്വീകരിക്കുന്നത്. ഇതിൽ പ്രതിഷേധിച്ച് തീവ്രവാദികളുടെ ഗുരുനിന്ദ മാനേജ്മെൻറിൻെറ ഗുരുഹത്യ എന്ന മുദ്രാവാക്യം ഉയർത്തി സംസ്ഥാനത്ത് മുഴുവൻ വിദ്യാഭ്യാസ സ്ഥാപനത്തിലും ജില്ലാ കേന്ദ്രങ്ങളിലും സാംസ്കാരിക പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു.



## അർഹിക്കുന്നതിലും വലിയശിക്ഷ
### – ഫാ. പോൾ തേലക്കാട്ട്

പ്രൊഫ. ടി. ജെ. ജോസഫിനെ പിരിച്ചുവിട്ട നടപടി അർഹിക്കുന്നതിലും വലിയ ശിക്ഷയാണോയെന്ന് സംശയിക്കുന്നതായി സീറോ മലബാർ സഭ വക്താവ് ഫാ. പോൾ തേലക്കാട്ട് പറഞ്ഞു.

## കോളജ് മാനേജ്മെൻറ് പോപ്പുലർ ഫ്രണ്ടിൻെറ കളിപ്പാവ– സ്വാമി അഗ്നിവേശ്

മത മൗലികവാദികൾ കൈപ്പത്തി വെട്ടിമാററിയ അധ്യാപകനെ പിരിച്ചുവിട്ടത് പോപ്പുലർ ഫ്രണ്ട് എന്ന മതമൗലികവാദി സംഘടനയുടെ കൈയിലെ കളിപ്പാവയായി കോളജ് മാനേജ്മെൻറ് മാറിയതിൻെറ തെളിവാണെന്ന് സ്വാമി അഗ്നിവേശ് അഭിപ്രായപ്പെട്ടു.

## പിരിച്ചുവിട്ട നടപടി പുനഃപരിശോധിക്കണം
### – എം. ജി. സിൻറിക്കേററ്

തൊടുപുഴ ന്യൂമാൻ കോളജ് അധ്യാപകൻ പ്രൊഫ.ടി.ജെ.ജോസഫിനെ കോളജ് മാനേജ്മെൻറ് സർവീസിൽ നിന്ന് പിരിച്ചുവിട്ടത് നടപടിക്രമങ്ങൾ പാലിക്കാതെയാണെന്ന് എം.ജി.സർവ്വകലാശാല സിൻറിക്കേററ് വിലയിരുത്തി നടപടി പുനഃപരിശോധിക്കാൻ കോളജ് മാനേജ്മെൻറിനോട് ആവശ്യപ്പെടാനും യോഗം തീരുമാനിച്ചു. സർവ്വകസാശാലാ സ്ററാററ്യൂട്ടിലെ വിവിധ വകുപ്പുകളുടെ നഗ്നമായ ലംഘനമാണ് ഈ ശിക്ഷാനടപടിയെന്ന് യോഗം വിലയിരുത്തി.

ചോദ്യപേപ്പർ വിവാദത്തെ തുടർന്ന് കഴിഞ്ഞ മാർച്ചിലാണ് പ്രൊഫ.ടി.ജെ.ജോസഫിനെ കോളജ് മാനേജ്മെൻറ് സസ്പെൻഡ് ചെയ്തത്. നടപടി സ്വീകരിക്കുന്നതിനു ജൂൺ ഒന്നു മുതൽ 31 വരെ ഒരു മാസത്തേക്ക് സർവകലാശാലയിൽ നിന്ന് മാനേജ്മെൻറ് അനുമതി വാങ്ങിയിരുന്നു. സസ്പെൻഷൻ കാലാവധി സർവകലാശാലയുടെ അനുമതിയോടെ മാത്രമേ നീട്ടാനാകൂ. ജൂലൈ 31 ന് അവസാനിച്ച സസ്പെൻഷൻ കാലവധിക്കുള്ളിൽ അന്വേഷണം പൂർത്തിയായിരുന്നില്ല. അധ്യാപകന് തൻെറ ഭാഗം ന്യായീകരിക്കാനും അവസരം ലഭിച്ചില്ല. ഇത് നീതിനിഷേധമാണ്. സെപ്തംബർ ഒന്നിനാണ് അധ്യാപകനെ പിരിച്ചു വിടാനുള്ള തീരുമാനം കോളജ് മാനേജ്മെൻറ് കൈക്കൊണ്ടത്.

ധാർമ്മികത ഉറപ്പാക്കുന്ന രീതിയിൽ അധ്യാപകനെതിരെയുള്ള കടുത്ത ശിക്ഷാ നടപടിയിൽ മാററം വരുത്താൻ മാനേജ്മെൻറ് തയ്യാറാകണമെന്ന് ചർച്ചയിൽ പങ്കെടുത്ത സിൻറിക്കേററ് അംഗങ്ങൾ ഒന്നടങ്കം ആവശ്യപ്പെട്ടു.

കോട്ടയം സി എം എസ് കോളജിൽ ചോദ്യപേപ്പർ പൊട്ടിച്ച സംഭവത്തിൽ പരീക്ഷാ കൺട്രോളർ അവധാനതയോടെ പ്രവർത്തിച്ചില്ലെന്ന് ഇതു സംബന്ധിച്ച് അന്വേഷിച്ച സമിതി കണ്ടെത്തി. ബോധപൂർവമായ വീഴ്ചയല്ലെങ്കിലും വേണ്ടത്ര ജാഗ്രത പുലർത്തിയില്ലെന്ന കാരണത്താൽ കൺട്രോളർ തോമസ് ജോൺ മാമ്പറയെ സെൻഷർ ചെയ്യാനും തീരുമാനിച്ചു

**ആദരാഞ്ജലി**



**വേണു നാഗവള്ളിക്ക്**
**എ.കെ.പി.സി.ടി.എ.യുടെ**
**ആദരാഞ്ജലികൾ**

പ്രൊഫ. ടി. ജെ. ജോസഫ്

# എന്നെ രക്ഷിച്ചത് ഈ ആക്രമണമാണ്

**ആരെയെങ്കിലും ഭയന്ന് മുൻകരുതലെടുത്ത് പഠിപ്പിക്കാനാകുമോ? അങ്ങനെ ചെയ്യേണ്ടിവന്നാൽ അത് ശരിയാകുമോ എന്നറിയില്ല. ക്ലാസിൽ പഠിപ്പിക്കുമ്പോൾ അത് അധ്യാപകൻെറ മനസ്സുതുറക്കൽകൂടിയാണ്. അതിനു കഴിഞ്ഞില്ലെങ്കിൽ അധ്യാപനം പ്രഹസനമാകും.**

എൻ.എൻ. പിള്ളയുടേതുപോലെ ഒരു നാടകസംഘം- ചെറുപ്പത്തിൽ എൻെറ വലിയ ആഗ്രഹങ്ങളിലൊന്ന് അതായിരുന്നു. സ്കൂളുകളിൽ പഠിക്കുമ്പോൾ നാടകങ്ങളിലും മററും സജീവമായിരുന്നു. സാഹിത്യത്തോട് ഏറെ ആഭിമുഖ്യം പുലർത്തുകയും ചെയ്തിരുന്നു.

കോളജിലെത്തി, സാഹിത്യം എന്തെന്ന് മനസ്സിലാക്കിക്കഴിഞ്ഞപ്പോൾ വായനക്കാരനായി ഒതുങ്ങി. അധ്യാപകവൃത്തിയുടെ ആദ്യനാളുകളിൽ ഏറെ പുസ്തകങ്ങൾ വായിച്ചിരുന്നു. നിത്യജീവിതത്തിലെ അനുഭവങ്ങളെപ്പോലും പലപ്പോഴും സാഹിത്യകൃതികളുമായി ബന്ധിപ്പിച്ച് ഞാൻ ചിന്തിക്കാറുണ്ട്. സാഹിത്യം പഠിപ്പിക്കുമ്പോഴും അതേ ശൈലിയാണ് അവലംബിക്കാറുള്ളത്. ചിലപ്പോൾ പ്രകോപനപരമായ രീതിയൊക്കെ എടുക്കും. ഫസ്ററ് എം.എ.യ്ക്ക് ഒക്കെ വരുന്ന കുട്ടികൾക്ക് പൊതുവെ ഒരു ധാരണയുണ്ടാകുമല്ലോ. ചോദ്യങ്ങളും മററും ചോദിച്ച് ആ ധാരണയൊക്കെ പൊളിച്ചെടുക്കും. അവരെക്കൊണ്ട് സംസാരിപ്പിക്കും. ചർച്ചയിലൂടെ കൂടുതൽ അവബോധമുണ്ടാക്കാൻ ശ്രമിക്കും. എം.എ.വിദ്യാർത്ഥികൾക്കും മററും എൻെറ അധ്യാപനത്തെക്കുറിച്ച് നല്ല മതിപ്പുണ്ടായിരുന്നു. ഒരു പ്രത്യേക ശൈലിയാണെന്ന് അവർ പറയും.

മുരിക്കാശ്ശേരി പാവനാത്മാ കോളജിലായിരുന്നു അധ്യാപനജീവിതത്തിൻെറ തുടക്കം. അവിടെ പ്രീഡിഗ്രി വിദ്യാർത്ഥികളെ മാത്രം പഠിപ്പിച്ചാൽ മതിയായിരുന്നു. അക്കാലത്താണ് ഞാൻ ഏററവുമധികം വായിച്ചിരുന്നത് . പിന്നീട് മൂവാററുപുഴ നിർമലാ കോളജിലെ





ത്തി. ഡിഗ്രിക്ക് മലയാളം
ഐച്ഛിക വിഷയമായി എടു
ത്തിട്ടുള്ള കുട്ടികളെ പഠിപ്പി
ക്കാനുള്ള ആഗ്രഹത്തോടെ
യായിരുന്നു അത്. ഞാൻ
ചേർന്നതിന്റെ പിറ്റേ വർ
ഷം അവിടെ എം.എ.മലയാ
ളം കോഴ്സ് തുടങ്ങി. പത്തു
പതിനാറു കൊല്ലം അവിടെ
പഠിപ്പിച്ചു. പലേടത്തും വാ
ടകവീടുകളിലും മറ്റും താ
മസിച്ചശേഷമാണ് മൂവാറ്റു
പുഴയിൽ സ്വന്തം വീടുവെച്ചത്. 2008ലാണ് തൊടു
പുഴ ന്യൂമാൻ കോളജിൽ മലയാള വിഭാഗം മേധാ
വിയായി എത്തുന്നത്.

വിദ്യാർത്ഥികളുമായി ക്ലാസിലും പുറത്തും ഒരേ
പോലെയുള്ള ബന്ധമാണ് ഞാൻ പുലർത്തിയിരു
ന്നത്. കുട്ടികൾക്കെല്ലാം എന്നെ വലിയ ഇഷ്ടമായി
രുന്നു. ചോദ്യപേപ്പർ വിവാദത്തെയും തുടർന്നുണ്ടായ
ആക്രമണത്തെയുമൊക്കെ ഒരു അപകടമായിട്ടാണ്
ഞാൻ കാണുന്നത്. ന്യൂമാൻ കോളജിൽ മലയാളം
സെക്കൻഡ് ലാംഗ്വേജായി മാത്രമാണ് പഠിപ്പിക്കു
ന്നത്. പക്ഷേ, നേരത്തെ ഡിഗ്രിക്കും പി.ജിക്കുമൊ
ക്കെ ഐച്ഛിക വിഷയമായി മലയാളം പഠിപ്പിച്ചപ്പോ
ഴുള്ള രീതിതന്നെയാണ് ഞാൻ ഇവിടെയും അവ
ലംബിച്ചത്. എനിക്ക് അങ്ങനെയേ സാധിക്കൂ. പാഠ
ഭാഗങ്ങൾ പരമാവധി ലളിതമായി അവതരിപ്പിക്കാൻ
ശ്രമിക്കും.

ബി.കോം ക്ലാസിൽ പൊതുവേ ബുദ്ധിശാലിക
ളായ കുട്ടികളാണ്. മറ്റു കോഴ്സുകളിലൊക്കെ സെ
ക്കൻഡ് ലാംഗ്വേജ് ക്ലാസിന് ഒരു ജനക്കൂട്ടം തന്നെ
യുണ്ടാകും. ബി.കോമിന് ചെറിയ ക്ലാസാണ്. 32 പേ
രേയുള്ളൂ. എം.എ ക്ലാസിലേതുപോലെ വളരെ ശ
ബ്ദം കുറച്ചാണ് അവരെ പഠിപ്പിക്കുന്നത്. എല്ലാവ
രും ശ്രദ്ധിച്ചിരിക്കും. കുട്ടികളുടെ എണ്ണം കുറവായി
രുന്നതുകൊണ്ടുതന്നെ അവരോട് എനിക്ക് സൗഹൃ
ദവുമുണ്ടായിരുന്നു. നല്ല മാർക്കുവാങ്ങി അഡ്മിഷൻ
നേടിയ ആ കുട്ടികളോട് മറ്റു ക്ലാസുകളിൽ പറയു
ന്നതിനേക്കാൾ സാഹിത്യം പറയുമായിരുന്നു.

ചിഹ്നങ്ങൾ ചേർക്കാനുള്ള പരീക്ഷാചോദ്യത്തി
ന് ഒരു സാധാരണ വാചകം തിരഞ്ഞെടുത്താൽ അ
തിൽ ഒരു കുത്തോ  ചോദ്യചിഹ്നമോ മറ്റോ കാ
ണൂ. എല്ലാ ചിഹ്നങ്ങളും പ്രയോഗിക്കാനുള്ള സാ
ധ്യത പരിഗണിച്ചാണ് പി.ടി.കുഞ്ഞിമുഹമ്മദിന്റെ
ലേഖനത്തിലെ സംഭാഷണഭാഗം എടുത്തുപയോ
ഗിച്ചത്.

ആ സംഭാഷണം എനിക്ക് മനഃപാഠമായിരുന്നു.
എം.എ.ക്ലാസിലും മറ്റും പലപ്പോഴും ഉദാത്തഹാ
സ്യത്തിന്റെ ഉദാഹരണമായി അത് പരാമർശിക്കാ
റുണ്ടായിരുന്നു.

ഹാസ്യത്തിന്റെ അടിസ്ഥാനപരമായ ഘടകം
എന്നു പറയുന്നത് വൈരുധ്യമാണ്. രണ്ട് ചേരാത്ത
സംഗതികൾ ചേർക്കുമ്പോഴാണ് പലപ്പോഴും നർമ
ത്തിന് കാരണമാകുന്നത്. ഉദാഹരണത്തിന് നല്ല ഉ
യരമുള്ള ഒരാളും ഉയരം കുറഞ്ഞ ഒരാളും ഒന്നിച്ചു
നടക്കുന്നതു കാണുമ്പോൾ നമുക്ക് തമാശയും കൗ
തുകവും തോന്നും. ഒരു പൊണ്ണത്തടിയനെയും വ
ളരെ മെല്ലിച്ചയാളെയും ഒന്നിച്ചുകാണുമ്പോഴും കാ
ഴ്ചയിൽ ഗാംഭീര്യം തോന്നിക്കുന്ന ഒരു പുരുഷൻ
സംസാരിക്കുമ്പോൾ സൈത്രണതയുള്ള ശബ്ദം പു
റത്തുവരുമ്പോഴുമൊക്കെ തമാശയായാണ് തോ
ന്നുക. നമ്മുടെ ജീവിതത്തിലും വൈരുദ്ധ്യങ്ങളെ അ
ഭിമുഖീകരിക്കേണ്ടിവരും. പലപ്പോഴും നമ്മൾ വലിയ
സങ്കൽപങ്ങൾ വെച്ചുപുലർത്തും. സംഭവിക്കുന്നതാ
കട്ടെ അതിനു വിരുദ്ധമായിരിക്കുകയും ചെയ്യും. ഈ
സാഹചര്യത്തിൽ അത് ഹാസ്യാത്മകമായി എടു
ത്താൽ നിരാശയോ സങ്കടമോ തോന്നില്ല. എപ്പോ
ഴും ഒരുഹ്യൂമർസെൻസുള്ളത് ശുഭാപ്തിവിശ്വാസ
ത്തോടെ മുന്നോട്ടുപോകാൻ സഹായിക്കുമെന്ന്
ഞാൻ വിദ്യാർത്ഥികളോട് പറയാറുണ്ട്. പി.എച്ച്.ഡി.
ക്കുവേണ്ടി ഹ്യൂമറുമായി ബന്ധപ്പെട്ട് ഞാൻ കുറെ
ക്കാലം റിസർച്ച് നടത്തിയിരുന്നു. ജോൺ എബ്ര
ഹാം, എം.മുകുന്ദൻ, സക്കറിയ എന്നിവരുടെ രചന
കളിലെ ബ്ലാക്ക് ഹ്യൂമറായിരുന്നു വിഷയം. റിസർ
ച്ച്പൂർത്തീകരിക്കാൻ സാധിച്ചില്ല.

മലയാളികൾക്ക് കൂടുതൽ പരിചിതം ഫലിതവും
പരിഹാസവുമൊക്കെയാണ്. യൂറോപ്യൻ രീതിയനു
സരിച്ച് ഹാസ്യത്തെ വിറ്റ്, സറ്റയർ, ഹ്യൂമർ എ
ന്നിങ്ങനെ തിരിച്ചിരിക്കുന്നു. ഹ്യൂമർ കുറെക്കൂടി ഉ
ദാത്തമായ ഹാസ്യമാണ്.

മലയാള കൃതികളിൽ ഉദാത്ത ഹാസ്യം കുറവാ
ണ്. കുഞ്ചൻനമ്പ്യാരുടെ രചനകളിൽ ഫലിതവും
പരിഹാസവുമൊക്കെയേ ഉള്ളൂ. ബഷീറിന്റെ കൃ
തികളിലും മറ്റുമാണ് ഒരുമാതിരി ഉദാത്തമായ ഹാ
സ്യമുള്ളത്. ഉദാത്ത ഹാസ്യത്തിനു പിന്നിൽ കണ്ണീ
രിന്റെ അംശം വേണമെന്നാണ്. മനുഷ്യാവസ്ഥയു
ടെ സങ്കടം നിഴലിക്കുന്ന ഹാസ്യമാണത്. മനുഷ്യ
ന്റെ ലോകത്തിലെ ജീവിതം സങ്കടകരമാണ് എന്ന
കാര്യത്തിൽ ആർക്കും സംശയമില്ല. അതും കൂടി
ഉൾച്ചേർന്ന, എന്നാൽ അതിനെപ്പോലും നർമമായി
കാണുന്ന മനസ്സുള്ളവർക്കേ അങ്ങനെയുള്ള ഹാ
സ്യം ചെയ്യാൻ കഴിയൂ.

ബഷീറിന്റെ പാത്തുമ്മയുടെ ആട് സിനിമയാ
ക്കാൻ താൻ ആലോചിച്ചെന്നും അതിനുവേണ്ടി പ
ലവട്ടം ആ പുസ്തകം വായിച്ചെങ്കിലും അപ്പോഴെ
ല്ലാം കരഞ്ഞുപോവുകയായിരുന്നെന്നും ജോൺ എ
ബ്രഹാം ഒരിക്കൽ എഴുതിയിട്ടുണ്ട്. പാത്തുമ്മയുടെ
ആട് അഥവാ പെണ്ണുങ്ങളുടെ ബുദ്ധി എന്ന് പേരായ
ഒരു തമാശക്കഥയാണ് ഞാൻ പറയാൻ പോകുന്ന
ത് എന്നു പറഞ്ഞാണ് ബഷീർ ഈ കഥ തുടങ്ങു
ന്നത്. പക്ഷേ, അതു വായിച്ചിട്ട് ജോൺ എബ്രഹാ
മിനെപ്പോലെ ഒരാൾ കരഞ്ഞുപോയി എന്നു പറയു

ന്നത് അതിൽ ഒരു സങ്കടാവസ്ഥ ഉള്ളതുകൊണ്ടാണ്. അങ്ങനെയുള്ള ഹാസ്യമാണ് ഉദാത്ത ഹാസ്യമെന്നാണ് എൻെറ അഭിപ്രായം.

അങ്ങനെ ഹാസ്യത്തെക്കുറിച്ച് എനിക്ക് എൻേറതായ സങ്കൽപമുണ്ട്. കുഞ്ഞിമുഹമ്മദിൻെറ ലേഖനത്തിലെ സംഭാഷണം ആ രീതിയിൽ മാററി ഞാൻ ക്ലാസുകളിൽ അവതരിപ്പിക്കാറുണ്ടായിരുന്നു. അത് എനിക്ക് മനഃപാഠമായിരുന്നു.

അതിലെ ഭ്രാന്തൻ, ലോകത്തിലെ ഒരു മനുഷ്യനാണ്. അയാൾ പടച്ചോനേ, പടച്ചോനേ എന്നു വിളിക്കുമ്പോൾ പ്രത്യക്ഷത്തിൽ ഉള്ള നർമ്മ സങ്കൽപം വെച്ച് ഈശ്വരൻ പ്രതിവചിക്കേണ്ടത് *എന്താ മകനേ* എന്നാണ്.

പടച്ചോൻ വളരെ സ്നേഹത്തോടും ഭവ്യതയോടും വാത്സല്യത്തോടും കൂടി പ്രതികരിക്കുമെന്ന സങ്കൽപത്തിൽ നിന്നും വ്യത്യസ്തമായുള്ള ഇവിടുത്തെ പ്രതികരണത്തിൽ ഒരു വൈരുധ്യമുണ്ട്. വിളിച്ചിട്ട് എന്തോ വലിയ കാര്യം ചോദിക്കാൻ പോകുകയാണെന്ന് വായനക്കാരനു തോന്നും. പക്ഷേ, വളരെ നിസ്സാരമായ ഒരു കാര്യമാണ് അയാൾ ചോദിക്കുന്നത്. അതാണ് അതിലെ പ്രത്യക്ഷത്തിലുള്ള തമാശ.

ഇതിൻെറ പിന്നിൽ ഒരു സങ്കടാവസ്ഥയുണ്ട്. ഈശ്വരവിശ്വാസത്തിൽ അധിഷ്ഠിതമായ അസ്തിത്വവാദമനുസരിച്ച് ലോകത്തിൽ മനുഷ്യൻെറ അവസ്ഥ വളരെ നിസ്സഹായമാണ്. ആ ഒരു ഫിലോസഫിക്ക് ചേർന്ന ഒരു തലമുണ്ട് ഇതിൽ. നിസ്സഹായനും നിരാലംബനും അതുപോലെ തന്നെ സന്ദേഹം നിറഞ്ഞവനുമായ മനുഷ്യന് ആശ്രയം ദൈവം മാത്രമേയുള്ളൂ. അതുകൊണ്ട് അവൻ എപ്പോഴും ദൈവത്തെ വിളിച്ചുകൊണ്ടിരിക്കുകയാണ്.

നമ്മുടെ ഈ കഥാപാത്രവും അങ്ങനെ ഈശ്വരനെ വിളിച്ചുകൊണ്ടിരിക്കുന്നു. ഈശ്വരൻ ഈ പ്രപഞ്ചത്തിൻെറ കാര്യങ്ങൾ മുഴുവൻ നോക്കേണ്ടയാളാണ്. ഇയാളാകട്ടെ നാഴികയ്ക്ക് നാൽപ്പതുവട്ടവും ഈശ്വരനെ വിളിച്ചുകൊണ്ടിരിക്കുകയാണ്. എന്നാലും ദൈവം വിളികേൾക്കും. ദൈവത്തിൻെറ പ്രതികരണം ഒരു ചീത്തയോ പരുഷവാക്കോ ആണെന്ന് പറയാൻ പററില്ല. അതിൽ സ്നേഹത്തിൻെറ അംശമുണ്ട്.

തകഴിയുടെ ഒരു കഥയുണ്ട്; തഹസിൽദാരുടെ അച്ഛൻ അതിൽ കർഷകത്തൊഴിലാളിയുടെ മകൻ തഹസിൽദാരാകുന്നു. തഹസിൽദാരുടെ കൂടെ താമസിക്കുന്നതിനിടെ അച്ഛൻ പേരക്കുട്ടിയെ കളിപ്പിക്കുമ്പോൾ കുട്ടി അയാളുടെ താടിരോമങ്ങളിൽ പിടിച്ചുവലിക്കുന്നു. അപ്പോൾ *കൊച്ചുകഴുവേറി* എന്നാണ് അയാൾ പേരക്കുട്ടിയെ വിളിക്കുന്നത്. ആ സാഹചര്യത്തിൽ അതൊരു ചീത്തവാക്കല്ല. വാത്സല്യത്തിൻെറ വേറൊരു ഭാവപ്രകടനമാണ്.

ഇവിടെയും സമാനമായ ഒരു തലംകൂടിയുണ്ട്. എപ്പോഴും വിളിക്കുന്നതിൻെറ അസഹിഷ്ണുതയുണ്ടെങ്കിലും ചെറിയൊരു തമാശമട്ടിൽ ദൈവം പറയുന്നു എന്നേയുള്ളൂ. അയാൾ ദൈവത്തോട് ചോദിക്കുന്ന ചോദ്യം വളരെ നിസ്സാരമാണ്. അത് എത്രയോ തവണ ചോദിച്ചിട്ടുള്ളതാണ്. അപ്പോഴെല്ലാം ദൈവം ഉത്തരം പറഞ്ഞുകൊടുത്തിട്ടുണ്ട്. മൂന്നു കഷണമാണെന്ന് ഞാൻ നിന്നോട് എത്രതവണ പറഞ്ഞിട്ടുണ്ട് എന്ന വാചകത്തിൽ ഇത് വ്യക്തമാണ്.

ശരിക്കും മനുഷ്യൻെറ നിസ്സാരതയും നിസ്സഹായാവസ്ഥയും ആശങ്കകളുമൊക്കെ ആവിഷ്കരിക്കുന്നതാണ് ഈ സംഭാഷണം.

ദൈവം വളരെ കാരുണ്യവാനാണ്. മനുഷ്യൻ എപ്പോൾ വിളിച്ചാലും വിളികേൾക്കുന്ന, അവൻെറ ഏതു സംശയത്തിനും ഉത്തരം നൽകുന്ന കാരുണ്യവാനായ ഒരു ദൈവമാണ് അതിലുള്ളത്. മനുഷ്യൻെറ നിസ്സാരതയും ദൈവത്തിൻെറ മഹത്വവും വെളിപ്പെടുത്തുന്ന സംഭാഷണമാണ്. മതനിന്ദയാണ്, ദൈവനിന്ദയാണ് എന്നൊക്കെ അതിനെ വ്യാഖ്യാനിക്കുന്നത് അങ്ങനെ കാണാൻ കഴിയാത്തതുകൊണ്ടാണ്.

കേരള ഭാഷാ ഇൻസ്ററിറ്റ്യൂട്ടിനുവേണ്ടി പി.എം. ബിനുകുമാർ തയാറാക്കിയ *തിരക്കഥയുടെ രീതിശാസ്ത്രം* എന്ന പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പി.ടി. കുഞ്ഞിമുഹമ്മദിൻെറ തിരക്കഥ-ഒരു വിശ്വാസിയുടെ കണ്ടെത്തലുകൾ എന്ന ലേഖനത്തിൽ നിന്നാണ് ഈ ഭാഗം ഞാൻ ഉദ്ധരിച്ചത്. പക്ഷേ, ഞാൻ ഇപ്പോൾ പറയുന്ന രീതിയിലല്ല അദ്ദേഹം ഈ സംഭാഷണം അവതരിപ്പിച്ചിരിക്കുന്നത്.

ഗർഷോം സിനിമയിൽ കഥാനായകൻ ദൈവവുമായി സംസാരിക്കുന്ന രംഗത്തിലെ സംഭാഷണത്തിൻെറ ഫോം വീണുകിട്ടിയത് നാട്ടിലുണ്ടായിരുന്ന ഒരു ഭ്രാന്തൻെറ രീതികളിൽ നിന്നാണെന്നു വ്യക്തമാക്കാനാണ് അദ്ദേഹം ഇത് പറയുന്നത്. അതായത് പി.ടി കുഞ്ഞിമുഹമ്മദ് അവിടെ ഹ്യൂമറിനെക്കുറിച്ച് പറയാനല്ല ഉദ്ദേശിക്കുന്നത്. ജീവിതാനുഭവങ്ങളിൽ നിന്ന് കലയിലേക്ക് പലകാര്യങ്ങളും കൊണ്ടുവരാൻ സാധിക്കും എന്ന രീതിയിൽ പറഞ്ഞുപോയതാണ്.

ഭ്രാന്തൻ എന്ന കഥാപാത്രം പടച്ചോനേ എന്നു വിളിക്കുന്നതുകൊണ്ട് ഒരു മുസ്ലീം പേരു കൊടുത്തേക്കാം എന്ന് ഞാൻ കരുതി. പെട്ടെന്ന് മനസ്സിൽ വന്ന മുസ്ലീം പേര് മുഹമ്മദായിരുന്നു. പി.ടി.കുഞ്ഞിമുഹമ്മദിൻെറ ലേഖനത്തിലെ സംഭാഷണമാണല്ലോ, പി.ടി.കുഞ്ഞിമുഹമ്മദ് എന്നത് വെട്ടിച്ചുരുക്കി അതിൽ നിന്ന് മുഹമ്മദ് മാത്രം എടുത്താൽ ഇങ്ങനെയൊരു പ്രശ്നമുണ്ടാകുമെന്ന് അപ്പോൾ വിചാരിച്ചിരുന്നില്ല.

എൻെറ അറിവുവെച്ച് മുഹമ്മദ് എന്നത് മുസ്ലീം സമുദായത്തിലെ ഒരു സാധാരണ പേരാണ്. നമുക്ക് ധാരാളം മുഹമ്മദുമാരെ അറിയാം. മുഹമ്മദ് എന്നു പറഞ്ഞാൽ മുഹമ്മദ് നബിയാകുമെന്നൊരു തോന്നൽ എനിക്ക് ഒരിക്കലും ഉണ്ടായിട്ടില്ല. ഇപ്പോഴും



ഇല്ല. ഓരോ ദിവസവും പത്രങ്ങളിൽ മുഹമ്മദ് എന്ന പേര് എത്രയോവട്ടം നമ്മൾ കാണുന്നു.

മുസ്ലീം സമുദായത്തിൽ ഈ പേരുള്ള ഒരുപാടുപേരുണ്ട്. അങ്ങനെ മാത്രമേ ഞാൻ വിചാരിച്ചിരുന്നുള്ളൂ. അതിനെ ദുർവ്യാഖ്യാനം ചെയ്യുകയായിരുന്നു. കലഹമുണ്ടാക്കാൻ അവർ മനഃപൂർവ്വം ചെയ്തതാണ്. കോളജിലെ കുട്ടികളോ രക്ഷാകർത്താക്കളോ ഒരു പരാതിയും ഒരിടത്തും ഉന്നയിച്ചിട്ടില്ല.

ആക്രമണത്തിനിരയായപ്പോഴത്തേക്കാൾ ഞാൻ മനോവേദനയനുഭവിച്ചത് ഒളിവിൽപ്പോയ ദിവസങ്ങളിലാണ്. മാധ്യമങ്ങളും സമൂഹം മുഴുവനും എന്നെ കുററവാളിയായിക്കണ്ട് ഒററപ്പെടുത്തിയപ്പോൾ. എങ്കിലും അന്നും ധൈര്യം ചേർന്നുപോയില്ല. ഞാൻ ഒരു തെററും ചെയ്തിട്ടില്ല. എന്ന ഉത്തമബോധ്യം തന്നെയായിരുന്നു കാരണം. മുൻകൂർ ജാമ്യമെടുക്കാൻ ഏർപ്പൊടാക്കിയശേഷമാണ് ഒളിവിൽ പോയത്. അത് കിട്ടുമെന്നു കരുതിയിരുന്നു. അതുണ്ടാകാതിരുന്നതുകൊണ്ട് കീഴടങ്ങുകയായിരുന്നു.

ബോധപൂർവം തെററു ചെയ്യാത്തതുകൊണ്ടുതന്നെ എനിക്കെതിരായ ആരോപണങ്ങളെല്ലാം എന്നെങ്കിലും ഇല്ലാതാകുമെന്ന് ഉറപ്പുണ്ടായിരുന്നു. അതുകൊണ്ട് കീഴടങ്ങാൻ തീരുമാനിച്ചപ്പോഴും അറസ്ററു ചെയ്തപ്പോഴും ജയിലിൽ കിടന്നപ്പോഴുമൊന്നും വിഷമം തോന്നിയില്ല.

എന്നെ പിടിക്കാൻ കഴിയാതെവന്നപ്പോൾ ഞാൻ എവിടെയുണ്ടെന്ന് വീട്ടുകാർക്ക് അറിയാമെന്നു കരുതി മകനെ പൊലീസ് അൽപം ഹരാസ് ചെയ്തു. അതിലൊക്കെ അൽപം സങ്കടമുണ്ട്. ബാക്കിയെല്ലാം ഒരു അനുഭവമായി മാത്രം കണക്കാക്കുന്നു. ജയിലിൽ പോയപ്പോൾ ജയിലിനെക്കുറിച്ച് പഠിക്കാൻ പോകുന്നതുപോലെയേ കരുതിയുള്ളൂ.

അവിടെ സെല്ലിൽ ഞാൻ ഉൾപ്പെടെ പതിന്നാലു പേർ ഉണ്ടായിരുന്നു. കൂടെയുണ്ടായിരുന്നവർ പത്രങ്ങളിൽ നിന്ന് കാര്യങ്ങൾ അറിഞ്ഞിരുന്നു. ചെന്ന ദിവസവും പിറേറന്നുമൊക്കെയായി ഞാൻ ചെയ്ത കാര്യങ്ങൾ അവരോട് പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. അവിടെ രണ്ടു മുസ്ലീങ്ങളുണ്ടായിരുന്നു. അവരിൽ ഒരാൾക്ക് വായിക്കാൻ അറിയില്ല. കൂടെയുള്ളവർ പത്രം വായിച്ചുകേൾപ്പിക്കും. ആളുകൾ കാര്യങ്ങളെ ഇങ്ങനൊക്കെ വ്യാഖ്യാനിക്കാൻ തുടങ്ങിയാൽ ഇവിടെ ഒരു സിനിമ പോലും ഉണ്ടാക്കാൻ പററില്ലല്ലോ എന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. ഞാൻ അവിടെ എല്ലാവരുമായും നല്ല സൗഹൃദത്തിലായിരുന്നു.

എനിക്കുനേരെ ആക്രമണമുണ്ടാകാൻ സാധ്യതയുണ്ടെന്ന് നേരത്തെ അറിയാമായിരുന്നെങ്കിലും ഭയം തോന്നിയിരുന്നില്ല. അവർ രണ്ടു വട്ടം വീട്ടിൽ വന്നിരുന്നു. മരിക്കാൻ തയ്യാറായാണ് നടന്നിരുന്നത്. എന്തുവന്നാലും സ്വന്തം വീട്ടിൽ നിന്നും ഓടിയൊളിക്കുന്നില്ലെന്ന് തീരുമാനിച്ചു. ശത്രു ഒരാളാണെങ്കിൽ ആക്രമണം എപ്പോൾ ഉണ്ടാകുമെന്ന് നോക്കി നിൽക്കാം. പക്ഷേ, ഇവിടെ അതുപററില്ല. അവരുടെ മനസ്സു മാറണമേ എന്ന് പ്രാർത്ഥിച്ചു. വെട്ടേററ് മൂവാററുപുഴയിൽ നിന്ന് ആസ്പത്രിയിലേക്ക് കൊണ്ടുപോകുമ്പോൾ പോലും എനിക്ക് അവരോട് പക തോന്നിയിരുന്നില്ല. വേറെയൊരു ഐഡിയോളജി അടിച്ചേൽപ്പിച്ച് നയിക്കപ്പെട്ടതുകൊണ്ട് അവർ അങ്ങനെ ചെയ്തെന്നേയുള്ളൂ. ഒരു പക്ഷേ, അവർക്ക് കുററബോധമുണ്ടാകാം.

ഞാൻ ജയിലിൽ നിന്ന് തിരികെ വീട്ടിലെത്തിയ നാളുകളിൽ യുക്തിവാദി സംഘത്തിലെ ആളുകൾ വിളിക്കുമായിരുന്നു. ഞാൻ യുക്തിവാദിയല്ല, ഈശ്വരവിശ്വാസിയാണെന്ന് അവരോടു പറഞ്ഞു. എങ്കിൽ അവർക്ക് കുഴപ്പമൊന്നുമുണ്ടായിരുന്നില്ല. ആശ്വസിപ്പിക്കാൻ ആദ്യം വന്നത് അവരായിരുന്നു. ഞാൻ ഈശ്വരവിശ്വാസിയാണ്. ഒരു മതത്തിൽ ജനിച്ചതുകൊണ്ട് അതിൻെറ വിശ്വാസം പിന്തുടരുന്നു. എല്ലാ മതങ്ങളെയും ഒന്നുപോലെയാണ് ഞാൻ കാണുന്നത്. എല്ലാ മതങ്ങളുടെയും അടിസ്ഥാനലക്ഷ്യം ഒന്നുതന്നെയാണ്. നിസ്സഹായമായ ഈ ജീവിതത്തിൽ മനുഷ്യന് അത്താണി ദൈവമാണ്. ദൈവവിശ്വാസം നല്ലതാണ്. ഒരു മനോബലമാണ്. ഭൗതികമായ പല കാര്യങ്ങളിലും കഷ്ടത അനുഭവിക്കുമ്പോൾ പലപ്പോഴും ഈശ്വരവിശ്വാസമല്ലാതെ മറെറാരു മരുന്നില്ല.

എല്ലാ വേദനകളും തരണം ചെയ്യാൻ, ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ശുഭാപ്തിവിശ്വാസം മതം മനുഷ്യന് പ്രദാനം ചെയ്യുന്നു.

ധാരാളം മുറിവുകളേറെങ്കിലും എനിക്ക് ഇപ്പോൾ ആശ്വാസമാണ്. ഇത്രയും അനുഭവിച്ചു കഴിഞ്ഞപ്പോഴെങ്കിലും എൻെറമേലുള്ള ദോഷാരോപണം നീങ്ങിയല്ലോ എന്ന ആശ്വാസം. മതനിന്ദ എന്ന ആരോപണം മനസ്സിൽ തറച്ച വലിയൊരു ആണിയായിരുന്നു. അതുമായി താരതമ്യം ചെയ്യുമ്പോൾ ശരീരത്തിനേററ മുറിവുകൾ നിസ്സാരമാണ്.

ഞാൻ ഒരിക്കലും മതനിന്ദ ചിന്തിക്കുകപോലും ചെയ്തിട്ടില്ല. എല്ലാവരോടും ഒരേരീതിയിലാണ് പെരുമാററുള്ളത്. അതുകൊണ്ടുതന്നെ ഇത്തരമൊരു ആരോപണം ഏറെ വിഷമിപ്പിച്ചു. അങ്ങനെ തന്നെ തുടർന്നിരുന്നെങ്കിൽ എൻെറ ജീവിതം കരിപുരണ്ട് മുന്നോട്ടുപോയേനെ. അതിൽ നിന്ന് രക്ഷിച്ചത് ഈ ആക്രമണമാണ്. അത് ഒരു പ്രതിവിധിയായിരുന്നു. ഇതിലൂടെ മാത്രമേ പേരുദോഷം മാറുമായിരുന്നുള്ളൂ. ഞാൻ ആലോചിച്ചിട്ട് അതു മാറാൻ മററു വഴികളൊന്നും ഉണ്ടായിരുന്നില്ല. വീണ്ടും ഒരു ചർച്ചയുണ്ടായതും ആളുകൾ കാര്യങ്ങൾ മനസ്സിലാക്കിയ

തുമൊക്കെ ഇതുകൊണ്ടല്ലേ? അതു കൊണ്ടുതന്നെ ശരീരത്തിലേററ മുറിവുകളൊന്നും സാരമുള്ളതല്ല.

ഞാൻ നേരത്തെ പറഞ്ഞതുപോലെ നാം ഒന്നു പ്രതീക്ഷിക്കുന്നു മറെറാന്ന് സംഭവിക്കുന്നു. മറെറാരു വൈരുധ്യമായാണ് ഇതിനെ കാണുന്നത്. ഹ്യൂമർ സെൻസിൽ തന്നെയാണ് ഈ സാഹചര്യത്തെ എടുക്കുന്നത്. വെട്ടേററ് ആസ്പത്രിയിലെത്തിക്കുമ്പോൾ എനിക്ക് ബോധം പോയിരുന്നില്ല. അപ്പോൾ ഞാൻ ആലോചിച്ചു; ഒരു കൂട്ടർ വളരെക്കാലത്തെ പരിശ്രമത്തിനുശേഷം എന്നെ അപായപ്പെടുത്തുന്നതിൽ വിജയിച്ചു. ആശുപത്രിയിലാകട്ടെ വേറൊരു കൂട്ടർ എൻെറ ജീവൻ രക്ഷിക്കാൻ കഠിനശ്രമം നടത്തുന്നു. ഇതുതന്നെയാണ് ലോകത്തിൻെറ അവസ്ഥ.

മഹാഭാരതം വ്യാസൻെറ മുഴുത്ത ചിരിയാണെന്നാണ് കുട്ടികൃഷ്ണമാരാർ പറഞ്ഞിരിക്കുന്നത്. യുദ്ധത്തിൻെറയും സങ്കടങ്ങളുടെയും കഥയാണെങ്കിലും ജീവിതവുമായി ബന്ധപ്പെട്ട വ്യാസമഹർഷിയുടെ ചിരിയാണ് മാരാർ അതിനെ കാണുന്നത്. പിന്നിട്ട അനുഭവങ്ങളെ ഞാനും അങ്ങനെയാണ് കാണുന്നത്.

എൻെറ കുടുംബാംഗങ്ങളും ധൈര്യത്തോടെ തന്നെയാണ് സാഹചര്യത്തെ നേരിടുന്നത്. മക്കളും ഭാര്യയുമൊക്കെ സാധാരണക്കാരെപ്പോലെ തകർന്നിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവർ പെട്ടെന്ന് തളരുന്നവരല്ലെന്ന് എനിക്കു തോന്നുന്നു. ആക്രമണസമയത്ത് എൻെറ സഹോദരി സിസ്ററർ മേരി സ്ററെല്ല വളരെ സമചിത്തതയോടെയാണ് പ്രവർത്തിച്ചത്. മകൻ അക്രമികളോട് ഏററുമുട്ടാൻ ശ്രമിച്ചു. പാതിവഴിവരെ വന്ന മകൾ സാഹചര്യം മനസ്സിലാക്കി വിട്ടിലേക്കോടി പോലീസിന് ഫോൺ ചെയ്തു. മററു കുട്ടികളാണെങ്കിൽ പകച്ചുപോകില്ലേ? അതുകൊണ്ടുതന്നെ വലിയ കുഴപ്പമില്ലാതെ സാഹചര്യങ്ങളെ അതിജീവിക്കുന്നു.

എൻെറ ഭാഗത്ത് തെററില്ല എന്ന പൂർണബോധ്യം കുടുംബാംഗങ്ങൾക്കുണ്ട്. അതുകൊണ്ടുതന്നെയാണ് അവർ ധീരമായി മുന്നോട്ടുപോകുന്നത്. എനിക്ക് ഭയമില്ല. ഇപ്പോൾ ഒരു കടമ്പകൂടി കടന്നതിൽ ആശ്വാസമുണ്ട്. ഈ ലോകത്തിൽ നന്മയും മനുഷ്യത്വും ഉള്ളവർ ഞാൻ വിചാരിച്ചതിലധികമുണ്ടെന്ന് മനസ്സിലാക്കാൻ കൂടി ഈ ആക്രമണം ഉപകരിച്ചു. എറണാകുളത്തെ ആസ്പത്രിയിൽ സന്ദർശകരെ അനുവദിച്ചുതുടങ്ങിയ നാളുകളിൽ അപരിചിതർപോലും എന്നെ കാണാനെത്തി, കിടയ്ക്കക്കരികിൽ നിന്ന് കരഞ്ഞു. മുൻപരിചയമില്ലാത്ത എറണാകുളത്തെ കോളജ് അധ്യാപകരൊക്കെ വീട്ടിൽനിന്ന് കഞ്ഞിയുണ്ടാക്കി കൊണ്ടുവരികയും പരിചരിക്കാൻ തയ്യാറാകുകയുമൊക്കെ ചെയ്തു. നന്മയുള്ള ആളുകൾ ധാരാളമായുള്ളതുകൊണ്ടാണ് ലോകം ഇങ്ങനെ നിൽക്കുന്നത്.

കോളജ് അധികൃതർ എന്നെ തള്ളിപ്പറഞ്ഞത് വലിയൊരു കലാപം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെയാകാം. അവരുടെ ഭാഗത്തുനിന്ന് ചിന്തിച്ചാൽ അതിൽ കുററം പറയാനാവില്ല. കോളജ് അടുത്തയിടെ കാരണം കാണിക്കൽ നോട്ടീസ് നൽകിയത് യൂണിവേഴ്സിററി നടപടിക്രമങ്ങൾ പാലിക്കുന്നതിൻെറ ഭാഗമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ഇനിയും കോളജിൽ മടങ്ങിയെത്തിയാലും എനിക്ക് എൻേറതായ രീതിയിൽ മാത്രമേ അധ്യാപനം നടത്താനാകൂ. ആരെയെങ്കിലും ഭയന്ന് മുൻകരുതലെടുത്ത് പഠിപ്പിക്കാനാകുമോ? അങ്ങനെ ചെയ്യേണ്ടിവന്നാൽ അത് ശരിയാകുമോ എന്നറിയില്ല. ക്ലാസിൽ പഠിപ്പിക്കുമ്പോൾ അത് അധ്യാപകൻെറ മനസ്സുതുറക്കൽകൂടിയാണ്. അതിനു കഴിഞ്ഞില്ലെങ്കിൽ അധ്യാപനം പ്രഹസനമാകും. അത്തരമൊരു സാഹചര്യത്തിൽ ഞാൻ അവധിയെടുത്ത് വീട്ടിലിരിക്കുകയേയുള്ളൂ.

*(മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2010 സെപ്റ്റംബർ 5-11)*

## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത, തുടങ്ങിയ സാഹിത്യ സൃഷ്ടികൾ സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, വിജ്ഞാനപ്രദമായ കുറിപ്പുകൾ, മററ് വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.

**വാർഷിക വരിസംഖ്യ 100 രൂപ മാത്രം**

**ബ്രാഞ്ചുകൾ ജേർണലിലേയ്ക്ക് പരസ്യം ശേഖരിച്ച് അടിയന്തിരമായി എത്തിക്കുക.**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ
മാനേജിംഗ് എഡിററിൽ നിന്നോ ലഭിക്കുന്നതാണ്.

*ചീഫ് എഡിററുടെ വിലാസം*
**ഡോ. എസ്. ജയരാജ്കുമാർ**
ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്,
കൊച്ചുള്ളൂർ, മെഡിക്കൽ കോളേജ് പി. ഒ
തിരുവനന്തപുരം- 695 011,
ഫോൺ: 0471-2440004

*മാനേജിംഗ് എഡിററുടെ വിലാസം*
**ഡോ. വി. ജയകുമാർ**
ഐശ്വര്യ, ററി. സി. 55/494,
ശാരദാ ഗാർഡൻസ് ലെയ്ൻ, നീറമൺകര
പാപ്പനംകോട് പി. ഒ, തിരുവനന്തപുരം -695 018,
ഫോൺ: 0471 -2491432

**AKPCTA State Committee Office**
Mathurbhoomi Road, Vanchiyoor, Thiruvananthapuram-35 Phone: 0471- 2463494, Fax: 0471-2468984,
Mobile:09495425219 e-mail:akpctatvm@gmail.com www.akpcta.org



Dr. K.N. Panikkar
*Vice Chairman,*
*Kerala State Higher Education Council*

# A Victim of Fundamentalism



The T.J.Joseph incident raises a variety of issues regarding the state of religious consciousness, academic freedom and the management of education. He lost his limb to religious fundamentalism and his job to an insensitive and opportunistic college management. Both are highly deplorable, which unfortunately has not attracted sufficiently strong reaction from the public. It appears that there is an ambiguity in the public mind about Joseph's own role, as he is blamed for injuring religious sentiments. It is perhaps the reason why, except the teachers and students organizations, many have not come forward to his defense.

The 'crime' Joseph has committed is to frame a question reproducing a conversation between God and Muhammad from a text written by a believer and film maker P.T.Kunhu Muhammod. The 'mistake' he made was to change the character of a lunatic in the original to Muhammad, whom a fundamentalist group interpreted as the Prophet and took revenge by imposing the medieval Islamic punishment of cutting off of the hand of the professor . Muhammad is a common name among the Muslims and there is nothing in the text to suggest that the Prophet is implied. But to the fundamentalist group which seeks terror as an instrument for coercion it provided an opportunity to further their cause. Among the Hindus Rama and Krishna are popular names and also worshipped as incarnations of god. Imagine a situation in which reference to these names, in literature or academic texts or in a question paper is considered blasphemous. However, Joseph has tendered an apology which was totally uncalled for. Apology has neither pacified the fundamentalists nor satisfied the college management.

That fundamentalists indulge in such irrational behaviour is understandable. They still live in medieval times without any respect for human values. But it cannot be expected from those who have taken the responsibility of imparting education to the people. The authorities of Newman College where Joseph taught for 27 years took the hasty step of suspending and dismissing him in the name of communal harmony and secularism. Unfortunately they did not realize that the greatest threat to secularism and communal harmony is religious fundamentalism. That is why the Management offered to withdraw the dismissal order if the Muslim community made an appeal, thus attributing to it a distinctly communal character. In fact, what they did would only help to strengthen the fundamentalist forces and not reinforce secularism, as claimed by college authorities. In fact, they should have stood by Joseph and defended the academic freedom of the teacher. Instead what they did was to compromise with fundamentalism and extend to it a helping hand. This incident once again proves that it is high time that the management of public funded private institutions is brought under a democratic structure.

Whether he is reinstated or not Joseph would be soon forgotten. But the trauma he experienced should serve as a warning so that the brutality of fundamentalists and the irresponsibility of educational entrepreneurs do not swamp the society.

**പ്രൊഫ.വി.എൻ.മുരളി**
*ജന. സെക്രട്ടറി, പുരോഗമന കലാ സാഹിത്യസംഘം*

# മതങ്ങൾക്ക് മനുഷ്യത്വം നഷ്ടപ്പെടുമ്പോൾ



കേരളം ആന്തരികമായി അതിവേഗം വർഗീയവൽക്കരിക്കപ്പെടുന്നുവെന്ന അപകടമാണ് അധ്യാപകൻെറ കൈവെട്ടിയതിലൂടെയും അതേ അധ്യാപകനെ മാനേജ്മെൻറ് പിരിച്ചുവിട്ടതിലൂടെയും തെളിയുന്ന സത്യം. ഇതു രണ്ടും മതഭ്രാന്താണ്; ഒരേ നാണയത്തിൻെറ രണ്ടുവശങ്ങൾ. *മതനിന്ദ* നടത്തിയതിന് കൈവെട്ടിയെന്ന് മതതീവ്രവാദികൾ; മതനിന്ദ നടത്തിയതിന് പിരിച്ചുവിട്ടുവെന്ന് മാനേജ്മെൻറ്. രാജ്യത്തുനിലനിൽക്കുന്ന നീതിന്യായ വ്യവസ്ഥയോ ജനാധിപത്യമോ ഒന്നും ഞങ്ങൾക്ക് ബാധകമല്ലെന്ന് ഈ മതങ്ങൾ തെളിയിച്ചിരിക്കുകയാണ്. പ്രാകൃതമായ കാട്ടുനീതിയിലേക്ക് അവർ തിരിച്ചുപോയിരിക്കുന്നു.

തൊടുപുഴ ന്യൂമാൻ കോളജ് അധ്യാപകൻ ടി.ജെ.ജോസഫ് മതനിന്ദ നടത്തിയോ? അദ്ദേഹം കോളജിലെ ഇൻേറണൽ പരീക്ഷയ്ക്ക് തയ്യാറാക്കിയ ചോദ്യപ്പേപ്പറിൽ ദൈവവും മുഹമ്മദും തമ്മിൽ നടത്തുന്ന ചോദ്യോത്തരത്തിൽ *മുഹമ്മദെന്ന* പ്രയോഗം മുഹമ്മദ് നബിയെക്കുറിച്ചാണെന്ന് മതതീവ്രവാദികൾ ആരോപിക്കുന്നു. താനങ്ങനെ മനസ്സിൽപ്പോലും കണ്ടിട്ടില്ല എന്നും സിനിമാ സംവിധായകൻ പി.ടി. കുഞ്ഞുമുഹമ്മദിൻെറ സിനിമാലേഖനത്തിൽ നിന്നെടുത്ത ഭാഗമായതിനാൽ കുഞ്ഞുമുഹമ്മദിലെ *മുഹമ്മദി*നെ ഓർത്താണ് എഴുതിയതെന്നും അധ്യാപകൻ ആവർത്തിച്ച് വ്യക്തമാക്കുന്നു. ഈ രാജ്യത്ത് എത്രയോ പേർക്ക് *മുഹമ്മദ്* എന്നു പേരുണ്ട്. മനഃപൂർവ്വമായിരുന്നെങ്കിൽ പ്രയോഗിക്കേണ്ടത് *മുഹമ്മദ്* നബിയെന്നോ പ്രവാചകനെന്നോ ആകേണ്ടേ എന്നും അദ്ദേഹം ചോദിക്കുന്നു. ചോദ്യപേപ്പർ തയ്യാറാക്കിയ അധ്യാപകൻ സത്യസന്ധമായി ഇത്രയും പറഞ്ഞുകഴിഞ്ഞാൽ എല്ലാ തർക്കങ്ങളും അവിടെ അവസാനിക്കേണ്ടതാണ്. എന്നാൽ ഉണ്ടായത് അതൊന്നുമല്ലല്ലോ. രക്ഷിക്കേണ്ടവർ തന്നെ ശിക്ഷിക്കാൻ തയ്യാറായി. വിശ്വാസിയായ ടി.ജെ.ജോസഫ് ഏതെങ്കിലും മതത്തിനെതിരേ ഇതിനുമുമ്പും സംസാരിച്ചിട്ടില്ല. അങ്ങനെ എന്തെങ്കിലുമുണ്ടായിരുന്നെങ്കിൽ ഇപ്പോഴത്തെ സംഭവത്തോട് ചേർത്തുപറയാമായിരുന്നു. മാത്രമല്ല ആർക്കെങ്കിലും സംശയമുണ്ടായിപ്പോയെങ്കിൽ താൻ ക്ഷമ ചോദിക്കുന്നുവെന്ന് തുറന്നുപറയുകയും ചെയ്തു. എന്നിട്ടും മതങ്ങളുടെ പേരിൽ ആണയിടുന്നവർ അദ്ദേഹത്തെ മാനസികമായും ശാരീരികമായും തകർത്തു. മാനേജ്മെൻറ് തോക്കെടുത്തു വെടിവച്ചിരുന്നെങ്കിൽപ്പോലും ഇത്രയും കടുത്ത വേദന പ്രൊഫ. ജോസഫിനുണ്ടാകുമായിരുന്നില്ല.

ഈ സംഭവം വ്യക്തമാക്കുന്നത് മതതീവ്രവാദം എത്ര ആഴത്തിലാണ് കേരളത്തിൽ വേരോടിയിരിക്കുന്നത് എന്നതാണ്. എങ്ങനെ ജനങ്ങളെ ഒന്നിപ്പിക്കാമെന്നല്ല, എങ്ങനെ അവരെ ഭിന്നിപ്പിക്കാമെന്നാണ് മത ഫാസിസ്ററുകൾ ചിന്തിക്കുന്നത്. ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതെങ്ങനെയെന്ന് അന്വേഷിക്കുകയല്ല; എരിതീയിൽ എണ്ണയൊഴിച്ച് ആളിക്കത്തിക്കുകയാണ് അവർ ചെയ്യുന്നത്.

ടി.ജെ.ജോസഫിനെ പിരിച്ചുവിട്ടതിലൂടെ മാനേജ്മെൻറ് മതതീവ്രവാദികൾ കൈവെട്ടിയ ക്രൂരമായ നടപടിയെ ന്യായീകരിച്ചിരിക്കുകയാണ്. മുസ്ലീം സമുദായം ക്ഷമിക്കാത്തതുകൊണ്ടാണ് പിരിച്ചുവിട്ടതെന്നാണ് മാനേജ്മെൻറ് പറയുന്നത്. മതഭീകരരുടെ ഒരു ചെറുസംഘടനയാണോ മുസ്ലീംസമുദായം? മനുഷ്യസ്നേഹികളായ മുസ്ലീംങ്ങളിൽ ആരെങ്കിലും അധ്യാപകനെ പിരിച്ചുവിടണമെന്ന് പറഞ്ഞതായി മാനേജ്മെൻറിന് തെളിയിക്കാൻ കഴിയുമോ? മതങ്ങളെക്കുറിച്ച് നമ്മളൊക്കെ മനസ്സിലാക്കിയിട്ടുള്ളത് സ്നേഹം, സൗഹൃദയം എന്നൊക്കെയാണ്. കവി സച്ചിദാനന്ദൻ പറയുന്നതുപോലെ മുമ്പൊക്കെ ദൈവം കുളിർനിലാവായിരുന്നു. എന്നാലിപ്പോഴത്തെ ദൈവം വരുന്നത് തോക്കുംപിടിച്ച്, നിക്കറുമിട്ട്, ഇരമ്പുന്ന മോട്ടോർ ബൈക്കിൽ നമ്മളെയൊക്കെ പേടിപ്പിച്ചുകൊണ്ടാണ്. ദൈവത്തിൻെറ പേ



ഡോ. എൻ.എം.മുഹമ്മദാലി
*സംസ്ഥാന കമ്മിററി അംഗം , പുരോഗമന കലാ സാഹിത്യസംഘം*

# പ്രൊഫസർ ജോസഫ് മുഹമ്മദ് നബിയെ നിന്ദിച്ചുവോ?



ആഗസ്ററ് 23 ലെ (തിരുവോണദിവസം) മാധ്യമത്തിൽ *റമദാനിലെ സമുദായ സൗഹാർദ്ദ ചിന്തകൾ* എന്ന ശീർഷകത്തിൽ പ്രൊഫ.പി.മുഹമ്മദ് കുട്ടശ്ശേരി എഴുതി:

കേരളത്തിൽ രൂപപ്പെട്ട കാർമേഘാവൃതമായ ഒരു പുതിയ സാമൂഹികാന്തരീക്ഷത്തിലാണ് ഈ വർഷത്തെ റമദാൻ ചന്ദ്രിക ഉദയം ചെയ്തത്. പ്രവാചക നിന്ദ, അതിനെ തുടർന്നുണ്ടായ കൈവെട്ടൽ സംഭവം, തീവ്രവാദപ്രവർത്തനങ്ങളുടെ പേരിൽ നടന്ന അറസ്ററുകൾ, പീഡനങ്ങൾ-ഇവയെല്ലാം സംഭവിച്ചതെന്തുകൊണ്ട്? മുസ്ലീം വിശ്വാസികൾക്ക് കടമകളിലും ഇതര സമൂഹങ്ങളോടുള്ള സമീപനങ്ങളിലും വല്ല വീഴ്ചയും സംഭവിച്ചിട്ടുണ്ടോ?

## മൗമൂദിസ്ററുകളുടെ പ്രചാരണം

തൊടുപുഴ ന്യൂമാൻ കോളജിലെ പ്രൊഫസർ. ടി.ജെ.ജോസഫ് പ്രവാചകനെ നിന്ദിച്ചു എന്നാണ് മൗമൂദിസ്ററുകളുടെ (ഇസ്ലാമിസ്ററുകളുടെ) പ്രചാരണം. പ്രൊഫസറുടെ കൈപ്പത്തി വെട്ടിയ സംഭവത്തിനു പിന്നിലെ നൃശംസതയുടെ പ്രത്യയശാസ്ത്രത്തെ ഭംഗ്യന്തരേണ ന്യായീകരിക്കാൻ മൗമൂദിസ്ററുകൾ സ്വീകരിച്ച അടവാണിത്. ഈ അടവിനെ (tactic) തുറന്നു കാണിക്കാൻ പ്രൊഫസർ ടി.ജെ.ജോസഫ് പ്രവാചകനെ നിന്ദിച്ചുവോ എന്ന് വസ്തുനിഷ്ഠമായ ഒരു അന്വേഷണം ആവശ്യമാണ്.

## ചോദ്യം വന്ന വഴി

മലയാളം പ്രൊഫസറായ ടി.ജെ.ജോസഫ് ബി.കോം വിദ്യാർത്ഥികളുടെ ക്ലാസ് പരീക്ഷയ്ക്ക് ചോദ്യപേപ്പർ തയ്യാറാക്കിയതാണ് സംഭവത്തിന് തുടക്കം. വിട്ടുകളഞ്ഞ വിരാമം, വിസർഗ്ഗം, ഉ

---

രിൽ ഒരു സാധുമനുഷ്യൻ, വിശ്വാസി, ശാരീരികവും മാനസികവുമായ വേട്ടയാടൽ അനുഭവിക്കുന്ന ദുരവസ്ഥ സൃഷ്ടിച്ചത് രണ്ടുമതത്തിലെയും തീവ്രവാദികളാണ്.

മതവിശ്വാസവും വർഗീയതയും രണ്ടാണ്. മതം ഉപയോഗിച്ച് രാഷ്ട്രീയത്തിലിടപെടുന്നതാണ് വർഗീയത. അതുകൊണ്ടാണ് മതരാഷ്ട്രവാദം വർഗീയമാകുന്നത്. വർഗീയതയെ ചെറുത്തുതോൽപ്പിക്കണം. അതിന് മതേതരവാദികളും മതവിശ്വാസികളും ജനാധിപത്യവാദികളും ഒരുമിച്ചു ചേരണം. ഓരോ മതക്കാരും അവരവരുടെ മതരാഷ്ട്രം ഇന്ത്യയിലേയ്ക്ക് ഒളിച്ചു കടത്താനുള്ള കുറുക്കുവഴികളാണ് തേടുന്നത്. രാജ്യം ഛിന്നഭിന്നമാകാൻ വേറെ കാരണമൊന്നുംവേണ്ട!

ഇപ്പോഴുണ്ടായിരിക്കുന്ന സംഭവങ്ങൾ *ടെസ്ററ് ഡോസാണ്*. സമൂഹത്തെ വിഭജിക്കാൻ മതതീവ്രവാദ സംഘടനകൾ നടത്തുന്ന പരീക്ഷണങ്ങളാണ്. കലാപകാലത്തുമാത്രമല്ല അവർ സജീവമാകുന്നത്. സമാധാനകാലത്തും മതത്തിൻെറ പേരിൽ അവർ മനുഷ്യരുടെ സ്നേഹത്തെയും സൗഹാർദ്ദത്തേയും വിഭജിച്ചു കൊണ്ടേയിരിക്കും. അവർക്ക് മതത്തിൻെറ അടിസ്ഥാനത്തിലല്ലാതെ, *മനുഷ്യൻ* എന്ന രീതിയിൽ ചിന്തിക്കാനാവില്ല. ഈ അപകടം തിരിച്ചറിഞ്ഞ് അവർക്കെതിരേയുള്ള പ്രവർത്തനങ്ങൾ സമൂഹത്തിൽ നിരന്തരം നടക്കണം. ഒരു പ്രതിഷേധയോഗത്തിലോ പ്രകടനത്തിലോ മാത്രമായി ഇത്തരം പ്രവർത്തനങ്ങൾ ഒതുങ്ങാൻ പാടില്ല. ജീവിതത്തിൻെറ എല്ലാ മേഖലകളിലും മതനിരപേക്ഷസമീപനം ഉയർത്തിപ്പിടിക്കാൻ നമുക്കു കഴിയണം. മനുഷ്യൻെറ സെക്കുലർ ബോധത്തെ തകർക്കുകയും പിളർക്കുകയും ചെയ്യുന്ന മതതീവ്രവാദത്തിനെതിരേ സമൂഹം ഒററക്കെട്ടായി പോരാടണം.

സർഗാത്മകമായ ഇടപെടലുകളെ മതഫാസിസ്ററുകൾ എന്നും ഭയപ്പാടോടെയാണ് കാണുന്നത്. വിദ്യാഭ്യാസം, കല, സംസ്കാരം, സാഹിത്യം എന്നീ മേഖലകളിലെ മതേതര പ്രവർത്തനങ്ങളെ അവർ നിരന്തരം കടന്നാക്രമിക്കുന്നത് അതുകൊണ്ടാണ്. എന്നാൽ ചരിത്രം നമ്മോടു പറയുന്നത്, *ഭ്രാന്താലയ* മായിരുന്ന കേരളത്തെ മാററിയെടുത്തത് വിദ്യാഭ്യാസവും കലയും സാഹിത്യവും സംസ്കാരവുമൊക്കെ ഒരുമിച്ചു പ്രവർത്തിച്ചപ്പോഴാണെന്നാണ്. അങ്ങനെയാണ് *നവോത്ഥാനകേരള* മുണ്ടായത്. ആ കേരളത്തെക്കുറിച്ചാണ് *നാനാജാതി മതസ്ഥർക്കും ഏകം നാകം തീർത്തൊരു കേരളമേ* എന്ന് വൈലോപ്പിള്ളി അഭിമാനത്തോടെ പാടിയത്. ഇപ്പോഴതിനെ വീണ്ടും *പുനരുദ്ധാനകേരള* മാക്കാൻ നടക്കുന്ന നീക്കങ്ങളുടെ ഭാഗമായി വേണം ഇപ്പോഴത്തെ സംഭവങ്ങളെ കാണാൻ, ഒരു രണ്ടാം നവോത്ഥാന മുന്നേററം കേരളത്തിൽ അനിവാര്യമായിരിക്കുന്നു

ഢരണി, ചോദ്യചിഹ്നം തുടങ്ങിയ അടയാളങ്ങൾ (Punctuation marks) കൂട്ടിച്ചേർക്കുക എന്നതായിരുന്നു ചോദ്യം. മുഹമ്മദ് എന്നൊരാളും പടച്ചോനും (സ്രഷ്ടാവ് God) തമ്മിലുള്ള സംഭാഷണമാണ് അടയാളങ്ങൾ ചേർക്കാൻ നൽകിയിരുന്നത്. പ്രസ്തുത ചോദ്യഭാഗം താഴെ കൊടുക്കുന്നു.

മുഹമ്മദ് : പടച്ചോനെ പടച്ചോനെ

പടച്ചോൻ: എന്താടാ നായിന്റെ മോനെ

മുഹമ്മദ്: പടച്ചോനെ ഒരു അയില അത് മുറിച്ചാൽ എത്ര കഷണമാകും.

പടച്ചോൻ: ഒരയില മുറിച്ചാൽ മൂന്നു കഷണമാകുമെന്ന് നിന്നോട് എത്ര പ്രാവശ്യം പറഞ്ഞെടാ നായെ

ഈ ചോദ്യഭാഗം പ്രൊഫസർ ജോസഫ് സ്വന്തം ഭാവനയിൽ സൃഷ്ടിച്ചതാണെന്നാണ് പലരും ധരിച്ചതും മൗദൂദിസ്ററുകൾ പ്രചരിപ്പിക്കുന്നതും. അത് യാഥാർത്ഥ്യമല്ല. ഈ ചോദ്യഭാഗം സർവ്വകലാശാല അംഗീകരിച്ച *തിരക്കഥാരചനയുടെ രീതിശാസ്ത്രം* എന്ന പാഠപുസ്തകത്തിൽ നിന്നാണ് പ്രൊഫസർ ജോസഫ് എടുത്തത്. ഈ പുസ്തകം പ്രസിദ്ധീകരിച്ചതാകട്ടെ സർക്കാർ ഉടമസ്ഥതയിലുള്ള ഭാഷാ ഇൻസ്ററിററ്യൂട്ടും.

സിനിമാ സംവിധായകനായ പി.ററി.കുഞ്ഞുമുഹമ്മദ് ഒരു സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധത്തെ പുസ്തകത്തിൽ ചേർക്കുകയുണ്ടായി. ആ പ്രബന്ധത്തിലാണ് ഈ ചോദ്യഭാഗത്തിനാധാരമായ ഭാഷണശകലമുള്ളത്. പി.ററി കുഞ്ഞഹമ്മദ് സംവിധാനം ചെയ്ത *ഗർഷോം* എന്ന സിനിമയിൽ പരമാത്മാവും സത്യാന്വേഷകനും തമ്മിലുള്ള സംഭാഷണരംഗമുണ്ട്. ഈ സംഭാഷണരംഗം ആവിഷ്കരിക്കാൻ താൻ മാതൃകയാക്കിയത് ചാവക്കാട് അങ്ങാടിയിൽ അലയുന്ന ഒരു മനോരോഗി ചിലപ്പോഴൊക്കെ അല്ലാഹുവുമായി നടത്താറുള്ള സംഭാഷണമാണെന്ന് പി.ററി കുഞ്ഞുമുഹമ്മദ് പ്രബന്ധത്തിൽ വിവരിച്ചിട്ടുണ്ട്. മനോരോഗി ഒരു പക്ഷേ അല്ലാഹുവിനെ ഭാഷണം അശരീരിയായി (Auditory hallucination) കേൾക്കുന്നുണ്ടാകണം. ഭ്രാന്തൻ അല്ലാഹുവുമായി നടത്താറുള്ള സംഭാഷണം പി.ററി കുഞ്ഞുമുഹമ്മദ് പ്രബന്ധത്തിൽ അവതരിപ്പിച്ചത് ഇങ്ങനെയാണ്.

ഭ്രാന്തൻ : പടച്ചോനെ, പടച്ചോനെ

പടച്ചോൻ: "എന്തടാ, നായിന്റെ മോനെ?"

ഭ്രാന്തൻ: "പടച്ചോനെ, ഒരു അയില, അത് മുറിച്ചാൽ എത്ര കഷണമാകും?"

പടച്ചോൻ : "ഒരയില മുറിച്ചാൽ മൂന്നു കഷണമാകുമെന്ന് നിന്നോട് എത്ര പ്രാവശ്യം പറഞ്ഞെടാ നായെ?"

information received from credit grantors. The purpose is to help credit grantors make informed lending decisions - quickly and objectively, and enable faster processing of your credit applications to help provide you speedier access to credit at better terms You can request a copy of your CIBIL CIR as follows:

1. Valid Identity Proof: PAN Card/ Passport/ Voters ID (Mail self attested hard copy of any one of these Identity Proofs)
2. Valid Address Proof: Latest Bank Account Statement/ Electricity Bill/ Telephone bill (Mail self attested hard copy of any one of these Address Proofs)
3. Payment terms: Demand Draft (DD) of Rs 142/- (inclusive of all taxes and express delivery charge), in favor of Credit Information Bureau (India) Limited payable at Mumbai
4. If you have existing credit accounts or have recently applied for a credit facility we request you to please submit identity and address details that have been submitted to the relevant credit institution/s. This will help us provide you with more consistent information.

## The Access to Medicine Index

The Access to Medicine Index is a comprehensive database of major pharmaceutical companies' efforts to help improve access to affordable essential drugs in developing countries. By bringing transparency to the industry, the index aims to further engage private investors and the pharmaceutical companies and, in doing so, to encourage collaboration with other stakeholders. The Access to Medicine Index independently assesses how individual pharmaceutical companies perform in promoting universal access to essential medicines, and is thus an important tool in improving performance,"

It is a ranking of world's largest pharmaceutical companies on their efforts to increase access to medicine for societies in need. The Index 2010 report covers 27 companies, comprising 20 originators and seven generics manufacturers. The ranking is and based on 106 indicators that measure activities across four strategic and seven technical areas. The Index encourages drug companies to compete and offers investors and others a way to compare their social responsibility records. In the Index 2010, six of the ten highest-ranking originator companies are based in Europe, while four are U.S.-based. Two years ago, seven European companies got a top-10 ranking The generics industry ranking for 2010 is given below

| | | |
|---|---|---|
| 1 | GlaxoSmithKline PLC | 3.7 |
| 2 | Merck & Co. Inc. | 3.1 |
| 3 | Novartis AG | 2.9 |
| 4 | Gilead Sciences | 2.5 |
| 5 | Sanofi-Aventis | 2.3 |
| 6 | Roche Holdings Ltd. | 2.3 |
| 7 | AstraZeneca PLC | 2.2 |
| 8 | Novo Nordisk A/S | 2.1 |
| 9 | Johnson & Johnson | 2.1 |
| 10 | Abbott Laboratories Inc. | 2.1 |

ഡോ. എം. ആർ. സുദർശനകുമാർ
*എം.ജി.കോളജ്, തിരുവനന്തപുരം*

# മതവിശ്വാസവും ശാസ്ത്രസത്യങ്ങളും



രണ്ടുവർഷം കൂടുമ്പോൾ അമേരിക്കയിലെ നാഷണൽ സയൻസ് ഫൗണ്ടേഷൻ പൊതുജനങ്ങളുടെ ശാസ്ത്രബോധത്തെക്കുറിച്ച് Science And Engineering Indicators എന്ന റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്. അമേരിക്കൻ ജനത പരിണാമ സിദ്ധാന്തവും മഹാവിസ്ഫോടനവും അംഗീകരിക്കുവാൻ വിമുഖത കാട്ടുന്നത് ഓരോ രണ്ടുവർഷം കൂടുന്തോറും അത് നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഈ വർഷം എന്തെങ്കിലും അതിൽ വ്യത്യാസം വന്നോ? ശാസ്ത്രസത്യങ്ങൾ മനസ്സിലാക്കുന്നതിൽ അമേരിക്കൻ ജനത വൻ കുതിച്ചു ചാട്ടം നടത്തിയോ? 2010 ൽ പുറത്തിറക്കിയ പതിപ്പിൽ മതവിശ്വാസവുമായി ബന്ധപ്പെട്ട ഈ ഭാഗം നാഷണൽ സയൻസ് ഫൗണ്ടേഷൻ മനഃപൂർവ്വം ഒഴിവാക്കി. വിശ്വാസവും അറിവും പരസ്പര വിരുദ്ധമായ കാര്യങ്ങളിൽ ശാസ്ത്രത്തിലെ അറിവുകളെ സംബന്ധിച്ച് അപൂർണമായ സൂചനകൾ നൽകുമെന്നതിനാലാണത്രേ ഫൗണ്ടേഷൻ ഇത് പ്രസിദ്ധീകരിക്കാതിരുന്നത്! മതവിശ്വാസം ശാസ്ത്രസത്യങ്ങളെ നിരാകരിക്കുവാൻ കാരണമാണെങ്കിലും അത് വെളിപ്പെടുത്തുന്നത് ശരിയല്ലെന്നാണ് ബോർഡ് വിചാരിക്കുന്നത്!




ബോർഡ് പ്രസിദ്ധീകരിച്ചില്ലെങ്കിലും റിപ്പോർട്ടിലെ ഈ ഭാഗം സയൻസ് ജേർണലിനു ലഭിക്കുകയും അവരത് പ്രസിദ്ധീകരിക്കുകയും ചെയ്തു! *പരിണാമപ്രക്രിയയിലൂടെ മററു മൃഗങ്ങളിൽ നിന്നാണ് മനുഷ്യരുണ്ടായത്* എന്നതിന് 45 ശതമാനം പേർ മാത്രമാണ് ശരി എന്നുത്തരം നൽകിയത്. എന്നാൽ ജപ്പാനിൽ 79 ശതമാനം പേരും യൂറോപ്പിൽ 70 പേരും ചൈനയിൽ 69 പേരും ദക്ഷിണകൊറിയയിൽ 64 പേരും ഇതു ശരിയാണെന്ന് വിശ്വസിക്കുന്നു. മഹാവിസ്ഫോടനമാണ് പ്രപഞ്ചത്തിന്റെ ഉത്ഭവത്തിനു കാരണമെന്നത് 33 ശതമാനം അമേരിക്കക്കാർ മാത്രമാണ് വിശ്വസിക്കുന്നത്. അനാദികാലം മുതൽ സമസ്ത ജീവജാലങ്ങളും ഇന്നത്തെ രൂപത്തിൽ തന്നെയാണെന്ന് 31 ശതമാനം പേരും വിശ്വസിക്കുന്നു. **വാൽകഷണം:** നമുക്ക് ഹിതകരമല്ലാത്തവ പ്രസദ്ധീകരിക്കാതിരുന്നാലും, സത്യം സത്യമായി തന്നെ നിലകൊള്ളും. (www.scientificamerican.com)

## ആൻറിലേസർ

ലേസർ കണ്ടുപിടിച്ചിട്ട് അഞ്ച് പതിററാണ്ട് കഴിയുന്നു. ഇന്ന് എല്ലായിടത്തും ലേസർ മയമാണ്. സൂപ്പർ മാർക്കററിലെ സ്കാനറുകളിലും മ്യൂസിക് സി.ഡി.പ്ലേയറിലുമൊക്കെ ഉപയോഗിക്കുന്നത് ലേസറാണ്. ശക്തിയേറിയ ലേസർ രശ്മിക്ക് വജ്രത്തിൽ പോലും തുളച്ചു കയറാനാവും. ശാസ്ത്രജ്ഞരിപ്പോൾ ലേസറിന്റെ എതിർ രശ്മികളെകുറിച്ച് സങ്കൽപിച്ചു തുടങ്ങി. ഏതൊരു കണത്തിനും പ്രതികണമെന്നപോലെ ലേസറിന് ആൻറിലേസർ എന്ന സങ്കൽപം ശാസ്ത്രജ്ഞർ വികസിപ്പിച്ചെടുത്തു. ഇതുവരെ ആരും സൃഷ്ടിച്ചില്ലെങ്കിലും ആൻറിലേസറിനെ കുറിച്ചുള്ള സൈദ്ധാന്തിക വിവരണം ജൂലൈ 26 ലെ Physical Review Letters ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(www.sciencenews.org)

**Vinodkumar Edachery**
*RSM SNDP Yogam College Koyilandy*



# Reign of Terror



Narrow- mindedness
Revels in cruelty
Calling a dog, 'mad dog'
Terror's offspring
Chop the hands of dissent
Re-enacting the barbarity
Of the middle ages
Checking all progress
And freedom of thought
Not the followers of God
But, of Devil
Eight of them surround
A helpless deer
Tear the limbs apart
Like the wings of a bird
Relishing wolfish cruelty
Celebrating savagery
Bathing in human blood
Wisdom never dawns on them
They need a world so ugly
Like their terror outfit
Instilling communal venom
Teaching irrational things
Their flocks, a retarded lot
They label everything heretic
Never cultivate tolerance
To them, faith is the world
Like the frogs in the well
They pounce upon, and demolish
Age old statues
Smash TV sets and computers
Like Don Quixote reborn
They are scared of
Broad daylight
Pretend they can safeguard faith
Unleashing reign of terror
But actually cowards
Who fled for life
Many a time
Leaving the community
In the lurch

Let us shed the dry curst of religion
Outdated laws and customs
And let the good values reign
It is wise to know
That rashness is a folly
Prudence, not a bad thing
Stirring up communal passion
A wicked thing, most primitive.

**എ. ജി. ഒലീന**
*വി.ടി.എം.എൻ.എസ്.എസ്. കോളജ്, ധനുവച്ചപുരം*

# അധികാരത്തിൻെറ അരങ്ങൊരുങ്ങുമ്പോൾ...



ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 243 - ഡി യുടെ ഭേദഗതിയിലൂടെ സാധ്യമായിരിക്കുന്ന അമ്പതുശതമാനം സ്ത്രീ സംവരണം, നമ്മുടെ ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പിൽ നടപ്പിലാക്കാൻ ഇനി ചുരുങ്ങിയ ദിവസങ്ങൾ മാത്രം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിലൂടെ കേരളത്തിലെ പഞ്ചായത്തീരാജ് സംവിധാനത്തിലേക്കും അതിൻെറ അധികാരഘടനയിലേക്കും വലിയൊരു വിഭാഗം സ്ത്രീകൾ രംഗപ്രവേശം ചെയ്യുകയാണ്. അതിൻെറയർഥം അത്രയും സ്ത്രീകൾ രാഷ്ട്രീയപ്രക്രിയയിൽ ഭാഗഭാക്കാകുന്നു എന്നതാണ്. 1882 ലെ റിപ്പൺ പ്രഭുവിൻെറ പ്രമേയത്തിലൂടെ ഇന്ത്യാക്കാർ പരിചയപ്പെട്ട തദ്ദേശസ്വയംഭരണമെന്ന ആശയമണ്ഡലത്തിലേക്ക് ലിംഗ ജനാധിപത്യത്തിൻെറ സന്ദേശം കൂടി സന്നിവേശിക്കപ്പെടുകയാണ്. ഒരു പക്ഷേ അമ്പതു ശതമാനം സ്ത്രീ സംവരണം ത്രിതല പഞ്ചായത്തുകളിൽ നടപ്പാക്കിയ ലോകത്തെ ആദ്യ രാജ്യം ഇന്ത്യയാണെന്നു തോന്നുന്നു. നിലവിലുള്ള നിയമങ്ങളനുസരിച്ച് പഞ്ചായത്തുകളെ യഥാർത്ഥ സ്വയംഭരണ സ്ഥാപനങ്ങളാക്കാനുള്ള സ്വാതന്ത്ര്യം സംസ്ഥാനങ്ങൾക്കു നൽകാൻ ഭരണഘടന പിൻബലം നൽകുന്നുണ്ട്. ഗ്രാമീണ ജനതയ്ക്ക് യഥാർത്ഥ സ്വരാജ് എന്ന അവകാശം നൽകുന്ന മഹത്തായ ഗാന്ധിയൻ സ്വപ്നത്തിലേക്കുള്ള ചുവടുവെപ്പായിട്ടാണ് 1992 ലെ 73-74 ഭരണഘടനാ ഭേദഗതിയിലൂടെ നടപ്പിലാക്കപ്പെട്ട ത്രിതല പഞ്ചായത്തീരാജ്- മുനിസിപ്പൽ ആക്റ്റുകളെ നമ്മൾ സ്വീകരിച്ചത്. ഇതിനോടനുബന്ധിച്ച് 1994 ഏപ്രിൽ 23 -ാം തീയതി സമ്മേളിച്ച കേരള നിയമസഭ പാസ്സാക്കിയ കേരള പഞ്ചായത്തീരാജ് - മുനിസിപ്പൽ ആക്റ്റുകളും അധികാരവികേന്ദ്രീകരണരംഗത്ത് പുത്തനുണർവായി മാറുകയായിരുന്നു. നടപ്പിലാക്കപ്പെട്ട 33 ശതമാനം സ്ത്രീ സംവരണം ഒരു പരിധിവരെ സ്ത്രീ സാന്നിധ്യം ഉറപ്പാക്കിയെങ്കിലും അധികാര പ്രയോഗ-ഭരണരംഗങ്ങളിലും തീരുമാന പ്രക്രിയകളിലും ചിലരെങ്കിലും സ്ത്രീകളുടെ നിഷ്ക്രീയ സാന്നിധ്യമോ പിന്നാമ്പുറസാന്നിധ്യമോ മാത്രമാണ് അനുഭവപ്പെടുതെന്ന പരാതി ഇപ്പോഴും പൊതുസമൂഹത്തിൽ ഉയരുന്നുണ്ട്. ഇത്തരം പരാതികൾക്കിടയിലും സ്തുത്യർഹമായ ഇടപെടൽ ശക്തിയായി മാറിയ നിരവധി വനിതാ പ്രതിനിധികളെയും നമുക്കു ഓർക്കേണ്ടതുണ്ട്. ഇതു ചിത്രത്തിൻെറ ഒരു വശമെങ്കിൽ മറുഭാഗം ഇപ്പോഴും ഇരുൾ മൂടിത്തന്നെയാണ് അവശേഷിക്കുന്നത്. അധീശാധികാരം സ്ത്രീ ജീവിതത്തിൻെറ സമസ്ത മണ്ഡലങ്ങളെയും വ്യവഹാരങ്ങളെയും വിനിമയങ്ങളെയും അതിൻെറ നീരാളിപിടുത്തത്തിനുള്ളിലാക്കാൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. ആൺകോയ്മയുടെ ഈ അധീശാധികാരഘടനയ്ക്ക് മുതലാളിത്തത്തോളം പഴക്കമുണ്ടെന്നും നമുക്കറിയാം. രാഷ്ട്രീയം മുതൽ സംസ്കാരികം വരെയുള്ള എല്ലാ മനുഷ്യവ്യവഹാരങ്ങളിലും ഈ അധീശഘടനയുടെ സൂക്ഷ്മബലതന്ത്രപ്രയോഗം നമ്മൾ നേ

രിട്ടോ പരോക്ഷമായോ അനുഭവിച്ചുവരുന്നു.

അത്തരമൊരു സാഹചര്യത്തിലാണ് സാമൂഹ്യാധികാരത്തിന്റെ പുതിയ തുറസ്സുകൾ സ്ത്രീക്കു ലഭിക്കുന്നത്. സ്ഥാനാർത്ഥി നിർണ്ണയം മുതൽ ഭരണപ്രക്രിയവരെ ആൺകോയ്മയുടെ അധീശാധികാരഘടനയുടെ സ്വാധീനം പ്രതീക്ഷിച്ചുകൊണ്ടു തന്നെയാണ് സ്ത്രീകൾ മുന്നിട്ടിറങ്ങേണ്ടുന്നത്. അമ്പതുശതമാനം സ്ത്രീ സംവരണം നടപ്പിലാക്കുന്നതോടുകൂടി അധികാരത്തിന്റെ കുത്തകകളിൽ ആദ്യം വിള്ളലുകളുണ്ടാവും. മിക്കപ്പോഴും പരമ്പരാഗത കൈവശാവകാശം പോലെ നിലനിർത്തപ്പെട്ടിരുന്ന പല മണ്ഡലങ്ങളും വനിതകൾക്കായി സംവരണം ചെയ്യപ്പെടുമ്പോൾ ഉണ്ടാകുന്ന അസഹിഷ്ണുതയും മനസ്സിലാക്കേണ്ടതുണ്ട്. പ്രാദേശിക വികസന പദ്ധതികളുമായി ബന്ധപ്പെട്ട് ഉയർന്നു കേൾക്കുന്ന അഴിമതിയുടെ കുത്തകകളിലും തീർച്ചയായും വിള്ളൽവീഴുമെന്നു പ്രതീക്ഷിക്കാം. കാരണം കൈകളിൽ അഴിമതിക്കറ പുരട്ടാൻ അത്രയെളുപ്പം സ്ത്രീക്കു കഴിയില്ല എന്നതു തന്നെ; അപവാദങ്ങളും ഇപ്പോഴും. അധികാരത്തിന്റെ കുത്തകകൾ തകരുന്നതോടൊപ്പം അഴിമതിയുടെ കേന്ദ്രീകരണത്തിനും ഒരു പരിധിവരെ അറുതിവരുമെന്നു പ്രതീക്ഷിക്കാം. നിലവിൽ വർധിച്ചുവരുന്ന മാഫിയ (ഭൂമി മുതൽ ലോട്ടറിവരെ) ബന്ധങ്ങൾക്കും ഒരു തിരിച്ചടി ന്യായമായുണ്ടാകും. പക്ഷേ അതിനായി, അധികാരരംഗത്തെത്തുന്ന സ്ത്രീകൾ തീർച്ചയായും ഏറെ യത്നിക്കേണ്ടിവരുമെന്ന കാര്യത്തിൽ തർക്കമില്ല.



കേരള സംസ്ഥാന വനിതാനയം വിഭാവനം ചെയ്യുമ്പോലെ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, നിയമസംരക്ഷണം, സാമൂഹികസംരക്ഷണം, ഭരണരംഗം, പൊതു ഇടങ്ങൾ - എന്നീ മേഖലകളിലെല്ലാം സ്ത്രീയുടെ അവകാശങ്ങൾ പ്രാപ്യമാക്കുകയും സ്ത്രീ പങ്കാളിത്തത്തോടെ ഈ മേഖലകളിലെ ഗുണമേന്മ വർധിപ്പിക്കുകയും ചെയ്യാനുള്ള പ്രവർത്തനങ്ങൾക്കുള്ള ബാധ്യതയാണ് പുതിയ വനിതാ പ്രതിനിധികൾക്ക് ലഭിക്കാൻ പോകുന്നത്. വാസ്തവത്തിൽ നമ്മുടെ ഭരണനിർവഹണത്തിലും ഭരണപ്രക്രിയയിലും ഉണ്ടായിരിക്കേണ്ട ലിംഗപദവിപരമായ അവബോധത്തിന്റെ കുറവ് മനസ്സിലാക്കാൻ പലപ്പോഴും നമുക്കു കഴിയാറില്ല. ഇന്ത്യയിൽ നടപ്പിലാക്കി വരുന്ന തൊഴിലുറപ്പു പദ്ധതിതന്നെ ജൻഡർ നീതി പുലർത്തുന്നില്ല എന്നു ചൂണ്ടിക്കാണിക്കപ്പെടുന്നതോർക്കാം. അവിദഗ്ധതൊഴിലുകൾ മാത്രം സ്ത്രീക്കു സംവരണം ചെയ്യപ്പെടുന്ന മട്ടിലേക്ക് ഒരു പദ്ധതി മാറിപ്പോകുന്നതെങ്ങനെയെന്നു ഇന്നു നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. അവിദഗ്ധതൊഴിലും കുറഞ്ഞ വേതനവും സ്ത്രീക്കുമാത്രമായി മാററിവയ്ക്കപ്പെടുന്നതിനുപിന്നിൽ, ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ സ്വീകരിക്കേണ്ട ലിംഗനീതിപരമായ നിലപാടിനെയാണു ഓർമിപ്പിക്കുന്നത്. ഇതിനൊക്കെ പുറമേ പ്രാദേശിക പദ്ധതികളിൽ ജൻഡർ ബജററിംഗും ജൻഡർ ഓഡിററിംഗും നടപ്പിലാക്കുകയും എല്ലാ വികസന പ്രക്രിയയിലും സ്ത്രീസൗഹാർദ്ദപരമായ സമീപനം പുലർത്തുകയും ചെയ്യേണ്ടതുണ്ട്; പരിസ്ഥിതി സൗഹൃദപരമാകുന്നതുപോലെ വികസന ആസൂത്രണനിർവ്വഹണ- പരിശോധന പ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തവും അവരുടെ അഭിപ്രായങ്ങൾ ഉറപ്പാക്കുകയും പരിഗണിക്കുകയും ചെയ്യാൻ കഴിയും. അതിനുള്ള പ്രായോഗിക പരിശീലനവും കാര്യക്ഷമത ആർജിക്കലും സ്ത്രീകൾ നിർവഹിക്കേണ്ടതുണ്ട്. വ്യക്തമായ രാഷ്ട്രീയ ദിശാബോധത്തോടെ സാമൂഹ്യവികാസ പ്രക്രിയയിൽ സക്രിയ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന വനിതാ പ്രതിനിധികളാൽ സമ്പന്നമാകും നമ്മുടെ ത്രിതലപഞ്ചായത്തു സംവിധാനമെന്നു പ്രത്യാശിക്കാം. കാരണം കേരളത്തിലെ സ്ത്രീ മുന്നേററ ചരിത്രത്തിലെ മറെറാരധ്യായത്തിലേക്കാണ് നമ്മൾ പ്രവേശിക്കുന്നത്.

**പ്രമോദ് വെള്ളച്ചാൽ**
*എം.ജി.കോളജ്, ഇരുട്ടി*

# ഹിംസയുടെ ഭൂഖണ്ഡത്തിലെ വിശ്വാസിയുടെ പ്രത്യയശാസ്ത്രം



മതത്തെയും വിശ്വാസത്തെയും സംബന്ധിച്ച് ഒരു ചെറിയ ചോദ്യം പോലും ഉയരുന്നത് മതങ്ങൾ മുന്നോട്ടു വെക്കുന്ന സഹിഷ്ണുതയോടെ ഉൾക്കൊള്ളാൻ പററാത്ത ഒരു കെട്ടകാലത്താണ് നമ്മൾ ജീവിക്കുന്നത്. വിശ്വാസങ്ങളുടെ പാററൻറു മുഴുവൻ സ്വമേററെടുത്ത വിവിധ മതങ്ങളിലെ പൗരോഹത്യവും ബദൽ ചോദ്യങ്ങൾ ഇഷ്ടപ്പെടുന്നവരല്ല. മതങ്ങളുടെയും വിശ്വാസങ്ങളുടെയും രാജസിംഹാസനങ്ങളിലിരുന്ന് രാഷ്ട്രീയത്തിൽ ഇടപെടുന്ന ഇടയ സല്ലാപങ്ങളും സ്ഥാന, ധനമോഹങ്ങളും അതിനുവേണ്ടിയുള്ള ഒളിനീക്കിയുള്ള രംഗപ്രവേശവും കേരളയീർക്ക് പുത്തരിയല്ല. ത്യാഗങ്ങളുടേയും മനുഷ്യപ്പററിൻേറയും, വേദനകളുടെയും കടൽ നീന്തിവന്ന ജീവിതാനുഭവങ്ങളുടെ അന്തഃസ്സത്തയിൽ നിന്നും കാലം കടഞ്ഞെടുത്ത ചില നന്മയുടെ ഉറച്ച വിശ്വാസങ്ങളിലാണ് മതത്തിൻെറ അടിത്തറയെന്ന് യുക്തിപൂർവ്വം പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും. പക്ഷെ പിൽക്കാല മതാധികാരികൾ പടിയടച്ചു പിണ്ഡം വെച്ച വാക്കാണ് യുക്തി. അതുകൊണ്ട് തന്നെ വിശ്വാസിയുടെ ധാർമ്മികവും നൈതികവുമായ കാഴ്ചപ്പാടുകളെ സംബന്ധിച്ച ഒരു നേരിയ ചർച്ചപോലും അസാധ്യമാകുന്ന ഹിംസാത്മകമായ ഒരു ചുററുപാടാണ് നമുക്ക് നേരിടേണ്ടി വരുന്ന യാഥാർത്ഥ്യം.

നെഞ്ചിൽ ഇരുമ്പ് മൂർച്ചകൾ തുളഞ്ഞു കയററി രക്തം വാർന്ന് പിടഞ്ഞു സന്ദർഭത്തിലും വൈതാളിക കാഹളവുമായി നിന്നവരോട് സ്നേഹത്തെക്കുറിച്ചും അറിവില്ലായ്മയുടെ ദോഷത്തെക്കുറിച്ചും വേദനയോടെ പറഞ്ഞ ക്രിസ്തുവിൻെറ വിശ്വാസം മനുഷ്യസത്തയുടെ ജൈവപരമായ ഉള്ളടക്കത്തിൻെറ വിശുദ്ധിയും നൈർമ്മല്ല്യവുമായിരുന്നു. അവിടെ നിന്നും തുടങ്ങുന്ന വിശ്വാസത്തിൻെറ ചരിത്രത്തിന് തീർച്ചയായും ഒരു മനുഷ്യമുഖമുണ്ട്. മാത്രമല്ല ജീവിതം കൊണ്ട് പോരാടി നന്മയെ ഉയർത്തിപ്പിടിച്ച രക്തസാക്ഷ്യത്തിൻെറ ഒരു ചരിത്രവും. അവിടെയുണ്ട്. ഈയൊരു സന്ദർഭത്തിലാണ് ഒരു വിശ്വാസിക്ക് വിശ്വാസവും പോരാട്ടവും എങ്ങിനെ ഒന്നിച്ചുകൊണ്ടു പോകാം എന്ന ചോദ്യത്തിന് സ്വന്തം ജീവിതം കൊണ്ട് ഉത്തരം നൽകിയ നെസ്തോർപാസിൻെറ ഡയറി പാരായണ വിധേയമാക്കേണ്ടത്.

*എൻെറ ജീവിതം എൻെറ സുഹൃത്തുക്കൾക്ക്, ഒരു പോരാളിയുടെ ഡയറി* എന്ന നെഡ്തോർപാസിൻെറ പുസ്തകത്തിൻെറ ഇംഗ്ലീഷ് പതിപ്പ് പ്രസിദ്ധീകരിച്ചത് ന്യൂയോർക്കിലെ പ്രസിദ്ധമായ ഓർബിസ് ബുക്സ്

എന്ന സ്ഥാപനമാണ്. വിമോചന ദൈവശാസ്ത്രചർച്ചകളും, ക്രൈസ്തവ-മാർക്സിസ്ററ് സംവാദങ്ങളും സജീവമായിരുന്ന 70-80 ദശകത്തിൽ ഏറെ ശ്രദ്ധ പിടിച്ചുപററിയ പുസ്തകമാണിത്. ക്രൈസ്തവവിശ്വാസം എന്ന് പറയുന്നത് കേവലം കുംബസാരവും കൂദാശയും മാത്രമല്ലന്നും അതിലൊക്കെ എത്രയോ ഉദാത്തമായ മാനവികതാബോധത്തിൻെറയും സമതാബോധത്തിൻെറയും ഉറച്ച ദർശനങ്ങളാണെന്ന് ജീവിതാനുഭവങ്ങളുടെ പച്ചയായ പരമാർത്ഥങ്ങൾ കൊണ്ട് വിളിച്ചു പറഞ്ഞ മനുഷ്യനാണ് നെസ്തോർ പാസ്.




**എൻെറജീവിതം**
**എൻെറ സുഹൃത്തുക്കൾക്ക്**
ഒരു പോരാളിയുടെ ഡയറി.

നെസ്തോർപാസ്

**പ്രോഗ്രസ് പബ്ലിക്കേഷൻ**
വില 60 രൂപ

വിമോചന ദൈവശാസ്ത്രത്തെ മലയാളികൾക്ക് പരിചയപ്പെടുത്തിയ ദൈവശാസ്ത്രചിന്തകരിൽ പ്രമുഖനായ സാമുവൽ രായൻ എസ്.ജെ യുടെ പ്രൗഢമായ ഒരു അവതാരികയുമുണ്ട് ഈ ഗ്രന്ഥത്തിൽ. മേഘലോകത്തിൽ നിന്നും ഹൃദയ ഗുഹകളിൽ നിന്നും മനുഷ്യ ചരിത്രത്തിലേക്കും ചരിത്രബന്ധങ്ങളിലേക്കും ഇറങ്ങിവരാൻ മതത്തിലെ ആദ്ധ്യാത്മികതക്ക് പാതയൊരുക്കുന്ന വിമോചന ദൈവശാസ്ത്രശാഖയിലെ ശ്രദ്ധേയമായ ഒരു പുസ്തകമാണിവിടെ അവതരിക്കപ്പെടുന്ന നെസ്തോർപാസിൻെറ ഡയറി എന്നാണ് സാമുവൽ രായൻ എസ്.ജെ അവതാരികയിൽ പറയുന്നത്.

നെസ്തോർപാസിൻെറ പുസ്തകം ഒരു ബൊളീവിയൻ സർവ്വകലാശാല വിദ്യാർത്ഥിയുടെ ഒളിപ്പോർ ഡയറിയാണ്. ലാററിനമേരിക്കയിലെ ഏററവും പിന്തിരിപ്പനായ ഭരണകൂടത്തിനെതിരെ ഗറില്ലായുദ്ധം നയിക്കുന്ന സംഘത്തോടൊപ്പം ചേർന്ന ഈ യുവ പ്രതിഭ ക്രൈസ്തവ വിശ്വാസിയും ദൈവശാസ്ത്രപണ്ഡിതനുമായിരുന്നു എന്നതാണ് എടുത്തു പറയേണ്ട കാര്യം. ഒളിപ്പോർ സംഘടത്തോടൊപ്പം എൺപത്തിയേഴു ദിവസം പോരാട്ടം നടത്തിയ നെസ്തോർപാസ് തൻെറ തീവ്രമായ അനുഭവങ്ങൾ ഈ ഡയറിയിൽ എഴുതിവെച്ചിട്ടുണ്ട്. പ്രിയങ്കരിയായ ഭാര്യയേയും കുടുംബത്തേയും തനിക്ക് ലഭിക്കാവുന്ന ഉയർന്ന ഉദ്യോഗത്തേയും പരിത്യജിച്ച നെസ്തോർപാസ് അതിനെല്ലാം മുകളിലാണ് പോരാട്ടത്തിൻെറ രാഷ്ട്രീയം ഉയർത്തിപ്പിടിച്ചതെന്ന് ജീവിതം കൊണ്ട് ഉദാഹരിക്കുകയാണിവിടെ.

സാമാന്യം സമ്പന്നവും ശക്തവും ബഹുമാന്യവുമായ കുടുംബത്തിലാണ് നെസ്തോർപാസ് ജനിച്ചത്. പിതാവ് സർക്കാർ സേനയിൽ ജനറലായിരുന്നു. പിന്നീട് നഗരാധ്യക്ഷനുമായി. നേസ്തോർ ജസ്യൂട്ട് അച്ചൻമാരുടെ പക്കൽ വിദ്യാഭ്യാസം ആരംഭിച്ചു. സെമിനാരിയിൽ ചേർന്ന് പഠിച്ച് റിഡംപ്ററിസ്ററ് സഭയിൽ നവസന്യാസിയായി. പിന്നീട് സെമിനാരിവിട്ട് വൈദ്യപഠനം തുടങ്ങി. മതം പഠിപ്പിക്കുമ്പോഴും പാവങ്ങളെ സഹായിക്കുന്നതിൽ ശ്രദ്ധിക്കുമായിരുന്നു. 1968 ഉയിർപ്പു തിരുനാളിൽ സെസിലിയ ആവിലയുമായു വിവാഹം നടന്നു. 1970 ജൂലൈ മാസത്തിൽ ഒളിപ്പോരണിയിൽ ചേർന്നു. ആ വർഷം ഒക്ടോബർ 8ന് മരണമടഞ്ഞു. തൻെറ ഇരുപത്തഞ്ചാം ജന്മദിനത്തിൻെറ തലേന്ന് തൻെറ ഭക്തിഭാജനമായ ചെഗുവേര കൊല്ലപ്പെട്ടിട്ട് മുന്നുവർഷം തികയുന്ന അവസരമായിരുന്നു അത്.

ഒളിപ്പോരിനിറങ്ങുക എന്ന് പറയുന്നത് മരണത്തെ കൂട്ടുപിടിക്കുകയാണെന്ന് നെസ്തോറിന് നല്ലവണ്ണം അറിയാമായിരുന്നു. എന്നാൽ മരണം മനുഷ്യനെ തുച്ഛീകരിക്കുമെന്ന് തോക്ക് തൊട്ടതുമുതൽ നെസ്നോർ മനസ്സിലാക്കിയിരുന്നു. നെസ്തോർ ഇങ്ങനെ എഴുതി, ഞാൻ മരിക്കുന്ന പക്ഷം എൻെറ മരണം തികച്ചും അർത്ഥസമ്പന്നമായിരിക്കണം. ജീവിതപ്പരപ്പിൽ അടിക്കടി ഓളം വെട്ടാൻ മററു മനുഷ്യർക്ക് പ്രേരണയാവണം. മനുഷ്യ സൗഭാഗ്യത്തിനുവേണ്ടി യത്നിക്കാൻ പല ഹൃദയങ്ങളെയും അതിൻെറ ശബ്ദവും സ്പർശനവും ഉത്തേജിപ്പിക്കണം .

തൻെറ ജീവിതം കൊണ്ട് നെസ്തോർ വിളിച്ചുപറയുന്ന ഒരു ദർശനമുണ്ട്. ചൂഷിതരുടെ മൂർച്ചയേറിയ നിലവിളി നമ്മളെ പോലുള്ളവർ കേട്ടിട്ടും കേട്ടില്ലെന്ന് നടിക്കുന്ന അഥവാ അമർത്തിക്കളയാൻ നോക്കുന്ന ആശയററവരുടെ ദീനരോദനം നെസ്തോർ കേട്ടു. പതിനഞ്ചാമാണ്ട് നീണ്ടു നിന്ന സായുധ സമരത്തിനുശേഷം വിദേശാധിപത്യത്തെ തോൽപ്പിച്ച് സ്വാതന്ത്ര്യം നേടിയതിനുശേഷം 150 വർഷത്തിനിടയ്ക്ക് 188 പട്ടാളസർക്കാരുകൾ മാറിമാറി വന്ന നാടാണ് ബൊളീവിയ. അവിടെയുള്ള മനുഷ്യർ ദാരിദ്ര്യത്തിലും വൈരാഗ്യത്തിലും നിശബ്ദമായിരിക്കെ അവരുടെ അദ്ധ്വാനം കൊണ്ട് അന്താരാഷ്ട്ര സാമ്പത്തിക സംഘടനകൾ കൊള്ള ലാഭങ്ങൾ കൊയ്യുന്ന സന്ദർഭത്തിൽ അവരുടെ ദുഃഖങ്ങളെ തുടച്ചുമാററുന്ന പ്രത്യാശയും സ്വപ്ന സങ്കൽപനങ്ങളുമാണ് നെസ്തോർ വെച്ചുപുലർത്തിയത്. സ്വന്തം ഭാവി നിർമ്മിക്കാനും നയിക്കാനും കഴിവുററ സ്വതന്ത്ര ജനതകൾ ജീവിക്കുന്ന ഒരു സ്വതന്ത്രഭൂഭാഗമായി നമ്മുടെ ലാററിൻ അമേരിക്കയെ മാററാമെങ്കിൽ അതിനു പ്രാണൻ കൊടുക്കേണ്ടിവന്നാലും അത്ര വലിയ വിലയാവില്ല. എഴുത്തറിയാത്ത, വയറുനിറയെ ഒരിക്കലുണ്ണാൻ വകയില്ലാത്ത ജനലക്ഷങ്ങളെ ഒരു ന്യൂനപക്ഷത്തിൻെറ ചൂഷണത്തിൽ നിന്ന് രക്ഷിക്കാനും അവരുടെ നഷ്ടപ്പെട്ട മനുഷ്യത്വവും മാന്യതയും വീണ്ടെടുക്കാനും ചിന്തപ്പെടുകയാണെങ്കിൽ പ്രാണൻ അർത്ഥവത്താകും തീർച്ച എന്നാണ് നെസ്തോർ എഴുതിവെച്ചത്.

വിശ്വാസത്തെയും പോരാട്ടത്തെയും സമന്വയിപ്പിച്ചാണ് മർദ്ധനത്തിൻെറ പ്രതീകവും ഉപകരണവുമായ സർക്കാർ സേനയുമായി സമരം ചെയ്യാൻ തോക്കും ധരിച്ച് നെസ്തോർ മുന്നോട്ട് വന്നത്.

സേവനമാണ് എൻെറ ദൈവവിളി. അതിന്നിവിടെ പുതിയ രൂപം ലഭിക്കുന്നു. ഒരു തരം മനുഷ്യമുഖമുള്ള പൗരഹോത്യം! പൗരോഹത്യം! - ബാഹ്യകർമ്മങ്ങളേയും കൂദാശകളെയും ചുററിയുള്ളതല്ല; സ്നേഹത്തെ ചൂഴ്ന്നു നില്ക്കുന്ന പൗരോഹത്യം. പ്രായോഗിക സ്നേഹത്തിന് കണക്കററ സാദ്ധ്യതകളും സന്ദർഭങ്ങളും ഇവിടെയുണ്ട് - എന്നാണ് നെസ്തോർ മുറുക്കെ പിടിച്ച വിശ്വാസം.

നെസ്തോറിൻെറ മനസ്സിലും ഹൃദയത്തിലും സംഭവിച്ചത് പുതിയൊരു ഉദ്ഗ്രഥനമാണ്. സങ്കീർണമായ ഈ ആത്മാനുഭൂതിയെ മിസ്ററിക്കൽ എന്ന് വിളിക്കാതിരിക്കാൻ കഴിയില്ല. ക്രൈസ്തവ വിശ്വാസവും, രാഷ്ട്രീയ പ്രവർത്തനവും ജനസ്നേഹവും, ജനനന്മക്കുവേണ്ടിയുള്ള തീവ്രയത്നവും ഇവിടെ സമ്മേളിക്കുന്നതായി കാണാം. പ്രാർത്ഥന, വിശ്വാസം, ഒളിപ്പോർ, വേദന, മരണം, പുതിയ ഭൂമിയെ കുറിച്ചുള്ള സ്വപ്നം എല്ലാം ഒരു വിശാലസ്നേഹത്തിൻ അളവററൊരു ഹൃദയാർദ്രതയിൽ സംഭരിച്ച് സംഗ്രഹിച്ചിരുന്നതായി കാണാം.

ഹൃദയസ്പർശിയായ, കാവ്യാത്മകമായ നെസ്തോറിൻെറ ഡയറി ഒരു പാഠപുസ്തകമാണ്. സമകാലിക ലോകകാലാവസ്ഥയിൽ മതങ്ങൾ സമ്പത്തിന് വേണ്ടി നടത്തുന്ന വിലപേശലുകളും, ആസ്ഥികൾക്ക് വേണ്ടിയുള്ള മത്സരങ്ങളും ലജ്ജിച്ചിരുന്നതാണ്. ബൊളീവിയ, ഹിംസയുടെ ഭൂഖണ്ഡമായിരുന്ന ഒരു കാലത്താണ് നെസ്തോർ സമര സഖാവായി ഒളിപ്പോർ സേനയിൽ അംഗമാകുന്നത്. ആഗോളവൽക്കരണത്തിൻെറ മനുഷ്യമുഖമില്ലാത്ത ചൂഷണങ്ങളും സാമ്രാജ്യത്വത്തിൻെറ പ്രത്യക്ഷമർദ്ധനങ്ങളും മൂലധനത്തിൻെറ കുത്തൊഴുക്കും രാഷ്ട്രങ്ങളെയും ജനതയെയും ദാരിദ്ര്യവൽക്കരിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സമകാലിക സന്ദർഭത്തിൽ നമ്മുടെ വിശ്വാസികൾ എന്തു ചെയ്യുന്നു എന്ന ചോദ്യം പ്രസക്തമാണ്. ഒരിക്കലെങ്കിലും അവർ നെസ്തോറിൻെറ പുസ്തകം വായിക്കേണ്ടിയിരിക്കുന്നു. മനുഷ്യ സങ്കടങ്ങളോട് മുഖം തിരിക്കുന്ന വിശ്വാസങ്ങൾ ദൈവനിഷിദ്ധമായ ഒരു മാനസിക സ്വകാര്യവത്ക്കരണമാണ്. വിശ്വാസം, വിശ്വാസി, ധാർമ്മികത എന്നതൊക്കെ പുനഃപരിശോധിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഹിംസയുടെ ഭൂഖണ്ഡങ്ങൾ പെരുകുന്ന സമയത്ത് ദന്തഗോപുരങ്ങളിലെ സന്യാസത്തേക്കാൾ എത്രയോ വലുതാണ് മനുഷ്യനുവേണ്ടി ജീവിതം സാരമാക്കുന്നവരുടെ ജീവിതവും ദർശനവും. ഇതാണ് നെസ്തോർപാസ് തൻെറ ഡയറി. ടെയോപോണ്ടയിലെ പോരാട്ട ഘട്ടത്തിൽ നെസ്തോർപാസിൻെറ കൈവശം ഒരു കറുത്ത നോട്ടുപുസ്തകം ഉണ്ടായിരുന്നു. നങ്കാഹുവാസുവിലെ ഒളിപ്പോരുകാലത്തെ ചെഗുവേരയുടെ ഡയറിക്കുറിപ്പുകൾ ലോകത്താകമാനമുള്ള വിപ്ലവകാരികൾക്ക് ഊർജ്ജവും ആവേശവും പകർന്ന അനുഭവത്തിൻെറ വെളിച്ചത്തിൽ ബൊളീവിയൻ ഒളിപ്പോർ സംഘത്തിലെ (ELN) നിരവധി ആളുകൾ ടെയോപോണ്ട പോരാട്ട ഘട്ടങ്ങളിൽ ഡയറിക്കുറിപ്പുകൾ സൂക്ഷിക്കുക പതിവായിരുന്നു.

എത്രമാത്രം ഹൃദയ വ്യഥയോടുകൂടിയാണ് നെ

സ്തോറിൻെറ ഡയറി പരിത്യജിച്ച കുടുംബ ജീവിതത്തെ ഗൃഹാതുരതയോടെ അനുസ്മരിക്കുന്നത് എന്ന് നോക്കുക- ഞങ്ങൾ ടെയോപോണ്ട വിട്ടപ്പോൾ ഞാൻ വളരെയധികം ദുഃഖിതനായിരുന്നു. പ്രിയമുള്ളവളേ! നിന്നെയായിരുന്നു, നിൻെറ സാന്നിദ്ധ്യമായിരുന്നു എൻെറ ആവശ്യം. ഞാൻ ഏററവും അധികം സ്നേഹിക്കുന്ന എൻെറ പ്രേമഭാജനത്തെ.... എന്നോടൊപ്പം കാണുന്നില്ല..... ഇതെന്നെ സംഭ്രാന്തനാക്കുന്നു- ഭയപ്പെടുത്തുന്നു.

നെസ്തോറിൻെറ മററൊരു ഡയറി ഇങ്ങനെ പറയുന്നു:

ഇന്ന് കന്യകാ മാതാവിൻെറ തിരുനാളാണ്.

ഞാൻ പട്ടാളത്തെ നേരിടുന്നതിന് പതിയിരിക്കുകയാണ്.

സൈന്യവുമായി ഞങ്ങൾ മുഖാമുഖം ഏററുമുട്ടുവാൻ പോവുകയാണെന്ന് ഞാൻ കരുതുന്നു.

ഞാൻ പിന്നീട് നിനക്കെഴുതാം!

പ്രിയേ! ഞാൻ നിന്നെ എത്രമാത്രം സ്നേഹിക്കുന്നെന്നോ?

നിൻെറ അസാന്നിദ്ധ്യം എനിക്ക് അസഹനീയമാണ്.

ഏതാണ്ട് മൂന്ന് മണിക്കൂറായിട്ട് ഞങ്ങൾ ഇവിടെ ഒളിച്ചിരിക്കുകയാണ്-

ഒളിപ്പോർ യാത്രകളും പട്ടിണിയും ക്ഷീണവും ദുർബലപ്പെടുത്തി. നെസ്തോറിന് തൻെറ അന്ത്യനാളുകളിൽ ഡയറി സ്വയം എഴുതുവാൻ സാധിച്ചിരുന്നില്ല. ഇത് മനസ്സിലാക്കിയ അദ്ദേഹത്തിനെ സുഹൃത്തും ചിലിയിൽ നിന്നുള്ള പോരാളിയുമായ ജോസ്മിഗുൽ സെലിസ് ഗൊണ്ടസാലസ് (ആൽബർട്ടോ) ആ ചുമതല ഏറെറടുക്കുകയായിരുന്നു. നെസ്തോർ പാസിൻെറ അവസാന നാളുകളിലെ ഡയറിക്കുറിപ്പുകൾ ആരെയും ഈറനണിയിക്കുന്നതായിരുന്നു. വിശന്ന് വിശന്ന് ഒന്നും കഴിക്കാൻ പററാതായ പാസിൻെറ ചിന്തകൾ ഇങ്ങനെയായിരുന്നു-
എൻെറ ജന്മദിനത്തിൽ സെസിയോടൊപ്പമിരിക്കാൻ എനിക്ക് എന്താഗ്രഹമാണെന്നോ....? അവളോടൊപ്പമിരുന്ന് അവൾ പാകം ചെയ്ത സ്വാധിഷ്ടമായ നൂഡിൽസ് കഴിക്കണം! എൻെറ പാവം! സെസി! ഞാൻ! അവളെ! എത്രമാത്രം!സ്നേഹിക്കുന്നുവെന്നോ...!

ആൽബർട്ടോ ഡയറിയിൽ നെസ്തോറിൻെറ അന്ത്യനിമിഷങ്ങൾ ഇങ്ങനെ കുറിച്ചിട്ടു- എൻെറ സുഹൃത്തിന് വായ്തുറക്കുവാൻ പോലും സാധിച്ചില്ല. ഒരു സ്പൂൺ കൊണ്ട് ഞാൻ വളരെ പണിപ്പെട്ട് അൽപം ആഹാരം ആ വായ്ക്കുള്ളിലാക്കി. ഞങ്ങൾ മെല്ലെ അദ്ദേഹത്തെ കിടത്തി. അയാൾക്ക് മൂത്രമൊഴിക്കണമെന്ന് എന്നോട് പറഞ്ഞു. തന്നെത്താൻ സിപ്പ് അഴിക്കുവാൻ പോലും എൻെറ കൂട്ടുകാരന് കഴിയുമായിരുന്നില്ല. ഞാൻ തന്നെയാണ് ട്രൗസറിൻെറ ഫ്ളാപ്പ് തുറന്ന് മൂത്രം ഒഴിക്കുവാൻ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുത്തത്. ചാരി ഇരിക്കുവാൻ ഞാൻ അയാളെ സഹായിച്ചു. അതിനുശേഷം എന്നോട് ഒന്നും സംസാരിച്ചിട്ടില്ല. പതിനൊന്നര വരെ ഞാൻ ഉറങ്ങി. കീറോ ഉണർന്നെങ്കിലും കണ്ണടച്ച് മിണ്ടാതെ കിടക്കുകയായിരുന്നു. 12 മണിയായപ്പോൾ വളരെയധികം സങ്കടത്തോടെ കീറോ എന്നോട് പറഞ്ഞു- ആൽബർട്ടോ..... നമ്മുടെ ഫ്രാൻസിസ്കോ മരിച്ചു! ഇതായിരുന്നു നെസ്തോർപാസിൻെറ മരണരംഗം.

ഡയറിയുടെ അവസാനം ഫ്രാൻസിസ്കോയുടെ (നെസ്തോർപാസ്) കസിനും അവശേഷിച്ച ചെറിയസംഘത്തിൻെറ നാളുകളിൽ മാർക്സിസ്ററും ആയ ഓമർ ഡയറിയുടെ അവസാനതാളുകളിൽ ഇങ്ങനെ എഴുതിവെച്ചു.

നെസ്തോർപാസ് സമോരാഫ്രാൻസിസ്കോ!

പ്രിയപ്പെട്ട കസിൻ: നീയെനിക്ക് മഹത്തായ ഒരു പാഠം പഠിപ്പിച്ചുതന്നു- മനുഷ്യവർഗത്തോടുള്ള സ്നേഹം

നന്ദി! വളരെ നന്ദി!

നെസ്തോർപാസിൻെറ അന്ത്യകവിത ഈ ഗ്രന്ഥത്തിൽ സച്ചിദാനന്ദൻ വിവർത്തനം ചെയ്ത് കൊടുത്തിട്ടുണ്ട്.

പഴയ വീഞ്ഞ് സഞ്ചികളിലേക്ക്കൊഴിക്കപ്പെടുക,

നില നിൽക്കാതാവുക

നിലനിൽപ്പിനെചൊല്ലി വിലപിക്കുക

മററൊരുവനാകുക

മൗനത്തിലാഴുക

പ്രകൃതിദൃശ്യത്തിനു മീതെ വെച്ച ഒരു കൈപോലെ നിൽക്കുന്ന ഏകാന്തമായ ഒരു വൃക്ഷമാവുക.

ഹാ! ഞങ്ങൾ സ്മരണയുടെ വാററു യന്ത്രങ്ങളാണ്.

അസ്തിത്വത്തിൻെറ ആഹ്ലാദത്തിൽ

തെളിഞ്ഞു തെളിഞ്ഞു വരുന്ന ജീവിതമാണു ഞങ്ങൾ.

ഞങ്ങൾ സ്നേഹിക്കാൻ ഇനിയും പഠിക്കണമെന്ന് പറയുന്നതാരാണ്?

അരാരായാലും ശരി

സ്നേഹിക്കുകയെന്നാൽ മരിക്കുകയാണെന്നർത്ഥം.

വിശ്വാസിയും പോരാളിയുമായ നെസ്തോർപാസിൻെറ ജീവിതവും കവിതയുമെല്ലാം ലോകമനസ്സാക്ഷിയെ ഉണർത്താനുള്ള നോവിൻെറ മുഖങ്ങളാണ്. ദൈവത്തിൽ വിശ്വസിക്കുകയെന്നാൽ മനുഷ്യനിൽ വിശ്വസിക്കുക എന്നതാണെന്ന വിപ്ലവകരമായ മനുഷ്യത്വമാണ് നെസ്തോറിൻെറ ഡയറിക്കുറിപ്പുകളിലൂടെ നമ്മൾ വായിച്ചെടുക്കുന്നത്.

# ത്രിലോകം



**ഡോ.അമൃത**
*എസ്.എൻ.കോളജ് ചേർത്തല*

എത്രവേഗമാ ദുഃഖം മറന്നുപോയ്,
കനലു പൂത്ത കിനാക്കൾ മറഞ്ഞുപോയ്.
വിങ്ങിവിങ്ങിത്തളർന്ന ഹൃദന്തങ്ങൾ
പിന്നെയും താളമോടേ തുടിക്കയായ്-
നീ വിതച്ച മഹാശൂന്യതകളിൽ
നിൻെറയോർമ്മകൾ ചോരവാർക്കുന്നതും
നീയൊഴിച്ചിട്ടുപോയ സിംഹാസനം
കണ്ണിൽ മുള്ളാണി കോർത്തിറക്കുന്നതും
ഭാഷണങ്ങളിൽ നിത്യസാന്നിദ്ധ്യമായ്
വന്നു ഞങ്ങളിൽ നൊന്തുതേങ്ങുന്നതും
സാന്ദ്രഗംഭീരനാദമായ്, സംഗീത-
വീചിയിൽ നീയുണർന്നു പാറുന്നതും
കാവ്യകല്ലോല മാന്ത്രികാവേഗമായ്
ഹൃദയഗൂഢസ്ഥലികൾ തൊടുന്നതും
ഉഷ്ണവാതങ്ങൾ നീന്തും മണൽപ്പര-
പ്പെന്നപോൽ കാലം വീർപ്പുമുട്ടുന്നതും
കൂട്ടുകാരാ! നിൻ സ്നേഹവിശുദ്ധിതൻ
നിത്യസാക്ഷ്യം; നീ കടന്നുപോയെങ്കിലും
മാഞ്ഞുപോകാൻ മടിക്കുന്ന വാർമഴ-
വില്ലുപോൽ ജീവിതാകാശമാകെ നീ
നന്മയായ്, നിറസൗഹൃദശുദ്ധിയായ്
ചാരുവർണ്ണ പ്രഭതൂകി നിൽക്കയായ്
ഉരുകി നീ ജീവനാളിയിൽ ഞങ്ങളായ്
ചേർന്നലിഞ്ഞേകഭാവമാർന്നിടവേ,
വിങ്ങിവിങ്ങിത്തളർന്ന ഹൃദന്തങ്ങൾ
പിന്നെയും താളമാർന്നു തുടിക്കയായ്.
എത്രവേഗമാ ദുഃഖം മറന്നു പോയ്
കനലുപൂത്ത കിനാക്കൾ മറഞ്ഞുപോയ്.
എത്രപൂക്കൾ കൊഴിഞ്ഞാലുമെത്ര വിൺ-
താരകങ്ങൾ പൊലിഞ്ഞാലുമീ മഹാ-
യാത്രവീണ്ടും തുടർന്നിടാൻ പിന്നിലായ്
ചാട്ടയോങ്ങുന്നു കാലം അദൃശ്യനായ്



കൂടപ്പിറപ്പും കൂട്ടുകാരനുമായിരുന്ന
ഞങ്ങളുടെ പ്രിയപ്പെട്ട സഖാവിന് കണ്ണീരോടെ......

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

## COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818

# 1.1.2006 മുതൽ പെൻഷൻ പുനർനിർണ്ണയം



1.1.2006 മുതൽ കോളജുകളിലെയും യൂണിവേഴ്സിററികളിലേയും അധ്യാപകരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെട്ടുവച്ചിരിക്കുകയാണല്ലോ. രണ്ട് പേ ബാൻറുകളിലാണ് ശമ്പളം പുനർനിർണ്ണയിക്കുന്നത്. 15600-39100 എന്ന കേന്ദ്ര ഗവൺമെൻറ് ശമ്പളപരിഷ്കരണത്തിലെ മൂന്നാം പേ ബാൻറും 37400-67000 എന്ന നാലാം പേബാൻറും. പേബാൻറിനോടൊപ്പം ഓരോ തസ്തികക്കും ബാധകമായ അക്കാദമിക് ഗ്രേഡ്പേയും ലഭിക്കും. കോളജ് അധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ളത് 6000,7000,8000,9000,10000 ഗ്രേഡ് പേകളാണ്. യൂണിവേഴ്സിററി അധ്യാപകർക്ക് ഇതുകൂടാതെ 12000 രൂപാ എന്ന ഗ്രേഡ്പേയും നൽകിയിട്ടുണ്ട്. യുജിസിയുടെ പുതുക്കിയ ശമ്പള ഘടനയിൽ അടിസ്ഥാന ശമ്പളം എന്നത് പേബാൻറിലെ പേയും അക്കാദമിക് ഗ്രേഡ്പേയും കൂട്ടികിട്ടുന്ന തുകയാണ്.

1.1.2006 ൽ സർവ്വീസിലുള്ള എല്ലാ അധ്യാപകർക്കും പുതുക്കിയ നിരക്കിലുള്ള യു.ജി.സി ശമ്പളം ലഭിക്കും. (1.1.2006 ൽ 55 വയസ്സ് തികഞ്ഞ അധ്യാപകർക്ക് നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ശമ്പളപരിഷ്കരണം ലഭിക്കാൻ സാധ്യതയില്ല) 1.1.2006 നോ അതിന് ശേഷമോ സർവ്വീസിൽ നിന്ന് വിരമിച്ച അധ്യാപകർക്ക് പുതുക്കിയ യു.ജി.സി ശമ്പളത്തിൻെറ അടിസ്ഥാനത്തിൽ പെൻഷനും പുതുക്കി നിശ്ചയിക്കേണ്ടതാണ്.

സംസ്ഥാന ശമ്പളപരിഷ്കരണത്തിൻെറ ഭാഗമായി 18.4.2006 ൽ പുറപ്പെടുവിച്ച GO(p) No. 180/2006 ഉത്തരവിലൂടെ സംസ്ഥാന ഗവൺമെൻറ് ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷനും അതുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങളും പരിഷ്കരിച്ചിരുന്നു. എന്നിരുന്നാലും, യു.ജി.സി. പദ്ധതി അനുസരിച്ച് ശമ്പളം വാങ്ങുന്നവരെ പ്രസ്തുത പെൻഷൻ പരിഷ്കരണത്തിൻെറ പരിധിയിൽ നിന്ന് ഒഴിവാക്കി. സംസ്ഥാന ഗവൺമെൻറ് ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിന് തത്തുല്യമായ നടപടി യു.ജി.സി ശമ്പളഘടനയിൽ നിൽക്കുന്നവരുടെ കാര്യത്തിൽ അന്ന് ഉണ്ടാകാത്തതുകൊണ്ടാണ് ഇങ്ങനെയൊരു തീരുമാനം ഉണ്ടായത്. പക്ഷേ, ഇത്തരത്തിലുള്ളവർക്ക് പെൻഷൻ കണക്കാക്കുന്നതിന് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും തടുർന്നും ബാധകമായിരിക്കും എന്ന് സംസ്ഥാന ഗവൺമെൻറ് വ്യക്തമാക്കിയിരുന്നു.

1.7.2004 മുതൽ, യു.ജി.സി നിരക്കിൽ ശമ്പളം വാങ്ങുന്ന അധ്യാപകർക്ക്, ക്ഷാമബത്തയുടെ 50 ശതമാനം വരുന്ന തുക ഡിയർനസ്സ് പേ ആയി കണക്കാക്കി അടിസ്ഥാന ശമ്പളത്തോടു കൂടി ചേർത്ത് നൽകുകയുണ്ടായി. 1.7.2004 ന് ശേഷം വിരമിച്ച അധ്യാപകരുടെ പെൻഷൻ കണക്കാക്കുമ്പോൾ അടിസ്ഥാന ശമ്പളത്തിൻെറ കൂടെ, ക്ഷാമബത്തയുടെ 50 ശതമാനം വരുന്ന ഡിയർനസ്സ് പേയും കൂടി കണക്കാക്കണമെന്ന് 28.2.2007 ൽ GO (P) No. 81/2007 ആയി ധനവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

1.1.2006 നോ അതിനുശേഷമോ യു.ജി.സി സ്കീമിൽ നിന്ന് വിരമിച്ച അധ്യാപകരുടെ അടിസ്ഥാന പെൻഷൻ നിശ്ചയിക്കുമ്പോൾ, പേബാൻറിലെ പേയും അക്കാദമിക് ഗ്രേഡ് പേയും കണക്കിലെടുക്കേണ്ടതാണ്. സൂപ്പർ ആനുവേഷൻ തീയതിക്ക് (1.4.2009 മുതൽ എല്ലാവരുടെയും സൂപ്പർ ആനുവേഷൻ തീയതി മാർച്ച് 31 ആണ്) മുമ്പുള്ള പത്ത് മാസത്തെ അടിസ്ഥാന ശമ്പളത്തിൻെറ (പേ ബാൻറിലേയും അക്കാദമിക് ഗ്രേഡ്പേയും ചേർത്തുള്ള തുക) ശരാശരിയുടെ പകുതിവരുന്നതുകയാണ് അടിസ്ഥാന പെൻഷൻ. 30 വർഷം സർവ്വീസിലുള്ളവർക്കാണ് (29 വർഷവും ഒരുദിവസവും എന്നത് 30 വർഷമായി കണക്കാക്കും) ഇത് അടിസ്ഥാന പെൻഷനായി ലഭിക്കുന്നത്. പെൻഷന് യോഗ്യമായ സർവ്വീസ് കാലം 30 വർഷത്തിൽ താഴെയാണെങ്കിൽ ആനുപാതികമായി അടിസ്ഥാന പെൻഷനാണ് ലഭിക്കുന്നത്.

ഇങ്ങനെ അടിസ്ഥാന പെൻഷൻ നിശ്ചയി

Dated: April 12, 2010

To

The Principal Secretary
Department of Higher Education
Government of Kerala
Thiruvananthapuram

Sir,

Sub: Pension Revision-Revision of Pension to those who retired after 1.1.2006 from UGC Scheme

Ref:
1. GO(P). No. 180/2006/Fin. dated 18-4-2006
2. GO(P) No.81/2007/Fin dated 28-2-2007
3. GO(P). No.84/2007/Fin. dated 31-1-2007
4. GO(P).No. 58/2010/H.Edn. dated 27-3-2010
5. F.No. 15-1/2009-IFD/U.II ,Government of India, MHRD (Department of Education), Dated, 15-12-2009 addressed to all Chief Secretaries of States

We would like to bring your attention to revision of pension of teachers who retired on after 1.1.2006 from the UGC scale of pay.

As per the Government Order (1) above, Government revised the pension and other related benefits of State Government pensioners. However, those coming under UGC Scheme were excluded from the purview of the above Government Order as there was no

---

ക്കുമ്പോൾ. 1.1.2006 നോ അതിനുശേഷമോ യു.ജി.സി. സ്കീമിൽ നിന്ന് വിരമിച്ച അധ്യാപകരുടെ കാര്യത്തിൽ ഇനി പറയുന്ന കാര്യങ്ങൾ കൂടി ബാധകമാക്കേണ്ടതാണ്.

1 ഏറ്റവും ഉയർന്ന അടിസ്ഥാന പെൻഷൻ. യു.ജി.സി. ശമ്പളഘടനയിലുള്ള അധ്യാപകരുടെ പരമാവധി അടിസ്ഥാന ശമ്പളത്തിന്റെ 50 ശതമാനമായിരിക്കണം. യു.ജി.സി. ശമ്പളഘടനയിൽ. അധ്യാപകരുടെ ഏറ്റവും ഉയർന്ന അടിസ്ഥാന ശമ്പളം എന്നത് 37400-67000 എന്ന പേബാൻറിലെ പരമാവധി പേയായ 67000 ത്തിന്റെ കൂടെ ഏറ്റവും ഉയർന്ന അക്കാദമിക് ഗ്രേഡ് പേയായ 12000 വും കൂടി കൂട്ടിക്കിട്ടുന്ന 79000 എന്ന സംഖ്യയാണ്. അതിന്റെ പകുതി 39500 ആയിരിക്കണം പരമാവധി അടിസ്ഥാനപെൻഷൻ.

2 അവസാനത്തെ 10 മാസത്തെ അടിസ്ഥാന ശമ്പളമാണല്ലോ അടിസ്ഥാന പെൻഷൻ നിർണ്ണയിക്കുന്നതിനായി പരിഗണിക്കുന്നത് 1.1.2006 ന് ശേഷം റിട്ടയർ ചെയ്യുകയും, എന്നാൽ മേൽപ്പറഞ്ഞ 10 മാസത്തിന്റെ കുറേ ഭാഗങ്ങളിൽ മുൻ യു.ജി.സി. സ്കീം പ്രകാരമുള്ള ശമ്പളം വാങ്ങുകയും ബാക്കിയുള്ള മാസങ്ങളിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളം വാങ്ങുകയും ചെയ്താൽ, മുൻ യു.ജി.സി നിരക്കിലുള്ള അടിസ്ഥാന ശമ്പളത്തിന്റേയും ഡിയർ നെസ്സ് പേയുടെയും കൂടെ അതിന്റെ 24 ശതമാനം വരുന്ന ക്ഷാമബത്തയും കൂടി കൂട്ടി അന്നത്തെ അടിസ്ഥാന ശമ്പളം പുനർനിർണ്ണയിക്കേണ്ടതാണ്. എന്നാൽ, 1.1.2006 നോ അതിന് ശേഷമോ സെലക്ഷൻ ഗ്രേഡ് ലെക്ചറർ /റീഡറായി 3 വർഷം പൂർത്തിയാക്കിയശേഷം വിരമിച്ച അധ്യാപകരുടെ അടിസ്ഥാന ശമ്പളം ഇങ്ങനെ പുനർ നിർണ്ണയിക്കുമ്പോൾ അത് ചുരുങ്ങിയത് 37400 ഉം 9000 ഉം കൂടി കൂട്ടികിട്ടുന്നതുകയായ 46400 ആയിരിക്കണം.

3 കേരള സർവ്വീസ് റൂൾസ് പാർട്ട് മൂന്നിലെ റൂൾ 63 ന്റെ താഴെയുള്ള മൂന്നാമത്തെ നോട്ട് പ്രകാരം, മുൻകാല പ്രാബല്യത്തോടുകൂടി ശമ്പളപരിഷ്കരണം നടത്തുമ്പോൾ, പെൻഷന് വേണ്ടി അവസാനത്തെ പത്തുമാസത്തെ ശരാശരി ശമ്പളം കണക്കാക്കുന്നത് പുതുക്കിയ ശമ്പളത്തിനുള്ള യോഗ്യതയുടെ അടിസ്ഥാനത്തിലാണ് ശമ്പളപരിഷ്കരണത്തിന് ശേഷം പുതുക്കിയ നിരക്കിലുള്ള ശമ്പളം കുടിശ്ശികയായി വാങ്ങിയില്ലെങ്കിൽ കൂടിയും പരിഷ്കരിച്ച ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പുനർ നിർണ്ണയിക്കാവുന്നതാണ്.

4 1.1.2006 നോ അതിന് ശേഷമോ അടിസ്ഥാന പെൻഷൻ നിർണ്ണയിച്ചു കഴിഞ്ഞാൽ ലഭിക്കുന്ന ക്ഷാമാശ്വാസ (ഡിയർനെസ്സ് റിലീഫ്) ത്തിന്റെ നിരക്കിലും മാറ്റം വരും. 1.1.2006 ൽ ക്ഷാമാശ്വാസം തീരെയില്ല. 1.7.2006മുതൽ 2 ശതമാനം, 1.1.2007 മുതൽ 6 ശതമാനം, 1.7.2007 മുതൽ 9 ശതമാനം, 1.1.2008 മുതൽ 12 ശതമാനം, 1.7.2008 മുതൽ 16 ശതമാനം, 1.1.2009 മുതൽ 22 ശതമാനം, 1.7.2009 മുതൽ 27 ശതമാനം, 1.1.2010 മുതൽ 35 ശതമാനം എന്നിങ്ങനെയാണ് ക്ഷാമാശ്വാസ നിരക്കുകൾ.

മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 1.1.2006 നോ അതിന് ശേഷമോ വിരമിച്ച അധ്യാപകരുടെ പെൻഷൻ നിർണ്ണയിക്കുന്നതിനുള്ള ഉത്തരവ് സംസ്ഥാന ഗവൺമെന്റ് ഉടൻ പുറപ്പെടുവിക്കുമെന്ന് പ്രതീക്ഷിക്കുന്നു

**പ്രൊഫ. കെ. എസ്. ജയചന്ദ്രൻ**
രേണു, മണ്ണുത്തി പി.ഒ., തൃശ്ശൂർ- 680 651, ഫോൺ: 0487-2371971, 9447308697

corresponding revision of pay in their case with that of State Government employees and teachers.

The state government have issued orders merging 50% of the Dearness Allowance with basic pay(called Dearness Pay) with effect from 1-7-2004, vide Government Order read(3) above, in respect of those continuing on UGC scales of pay. The Dearness Pay is also reckoned for determining the pension in respect of those retired after 1-7-2004 from UGC scale of pay. Provisional revision of pension to those who retired prior to 1-7-2004 from UGC scheme was also ordered by the Government, vide Government Order read (2) above.

Now the State Government have issued orders to revise the pay structure of Teachers, Physical Education Teachers and Librarians in Universities and colleges, vide Government Order read (4) above. Their pay is fixed according to their designations in two pay bands 15600-39100 and 37400-67000 with appropriate Academic Grade Pay (AGP). Basic pay in the revised pay structure means the pay drawn in the prescribed pay band plus the applicable academic grade pay but does not include any other type of pay like special pay etc.

In view of the above, we request your good self to issue appropriate orders to reckon the pay in the band and the applicable academic grade pay for determining the pension in respect of those who retired on or after 1-1-2006 from UGC scale of pay.

The following facts also may be considered while revising the pension of such category of teachers.

1. The amount of pension in respect of those who retired on or after 1-1-2006 from UGC scale of pay should be subject to a maximum up to 50% of the highest pay in the UGC pay structure.( The highest pay in the UGC pay structure is the highest pay in the pay band 37400- 67000 plus the highest academic grade pay 12000).
2. For computing the ten months emoluments for the purpose of average emoluments for pension, in respect of those who retired from service on or after 1-1-2006 and who, during part of the said period of ten months drew pay in the pre-revised scale , their pay in the pre-revised scale should be enhanced notionally by adding Dearness Allowance at 24% of the basic pay plus Dearness Pay. However, for those who completed 3 years service in the pre-revised scale of Rs 12000-420-18300 as on 1.1.2006, the pay so enhanced notionally should be the minimum of the pay band 37400-67000 plus academic grade pay 9000.
3 The Note 4, under Rule 63 of Kerala Service Rules Part III for Pension that, in case of retrospective revision of scales of pay, average emoluments will be calculated on the basis of the pay, the officers are eligible for, as result of the revisions of pay even though they may not have actually drawn the same, should be applicable for computing ten months emoluments.

An immediate action in this matter is solicited.

Yours faithfully

Prof. K.Sasidharan
President, AKPCTA

Prof.P.Reghunath
General Secretary, AKPCTA

---

Dated: May 18, 2010

To

The Principal Secretary
Department of Higher Education
Government of Kerala
Thiruvananthapuram

Sir,

Sub: Pension -Revision of Pension of those who retired prior to 1.1.2006 from UGC Scheme

Ref:
1. GO(P). No. 180/2006/Fin. dated 18-4-2006
2. GO(P) No.81/2007/Fin dated 28-2-2007
3. GO(P). No.84/2007/Fin. dated 31-1-2007
4. GO(P).No. 58/2010/H.Edn. dated 27-3-2010

5. F.No. 38/37/08-P&PW(A) , Government of India, dated 1st September, 2008
6. F.No. 15-1/2009-IFD/U.II ,Government of India, MHRD (Department of Education), Dated, 15-12-2009 addressed to all Chief Secretaries of States

We would like to bring your kind attention to revision of pension of teachers who retired prior to 1.1.2006 from the UGC scale of pay.

As per the Government Order (1) above, Government revised the pension and other related benefits of State Government pensioners. However, those coming under UGC Scheme were excluded from the purview of the above Government Order as there was no corresponding revision of pay in their case with that of State Government employees and teachers.

The state government have issued orders merging 50% of the Dearness Allowance with basic pay(called Dearness Pay) with effect from 1-7-2004, vide Government Order read(3) above, in respect of those continuing on UGC scales of pay. The Dearness Pay is also reckoned for determining the pension in respect of those retired after 1-7-2004 from UGC scale of pay. Provisional revision of pension to those who retired prior to 1-7-2004 from UGC scheme was also ordered by the Government, vide Government Order read (2) above.

Now, the State Government have issued orders to revise the pay structure of Teachers, Physical Education Teachers and Librarians in Universities and colleges, vide Government Order read (4) above. Their pay is fixed according to their designations in two pay bands 15600-39100 and 37400-67000 with appropriate Academic Grade Pay (AGP). Basic pay in the revised pay structure means the pay drawn in the prescribed pay band plus the applicable academic grade pay but does not include any other type of pay like special pay etc.

In view of the above, we request your good self to issue appropriate orders to revise the pension/family pension in respect of those who retired prior to 1-1-2006 from UGC scale of pay.

The following facts may be considered while revising the pension of such category of teachers.

The pension/family pension of teachers who retired prior to 1.1.2006 may be revised with effect from 1.1.2006 by adding together( vide Government of India Order (5) above):

a. The existing pension/family pension
b. Dearness pension
c. Dearness Relief up to AICPI(IW) average index 536 (1982=100) i.e. 24% of basic pension/ basic family pension plus admissible Dearness Pension
d. Fitment weightage @ 40% of the existing pension/family pension

The amount so arrived at shall be regarded as consolidated pension/family pension

v) The fixation of pension shall be subject to the provision that the revised pension, in no case, shall be lower than fifty percent of the minimum of the pay in the pay band plus academic grade pay corresponding to the pre revised scale from which the pensioner had retired.

vi) The clarification issued by the Ministry of Human Resources Development (Department of Education) in their order F.No.15-1/2009-IFD/U.II dated 15.12.2009 that the teachers who had retired prior to 1.1.2006 after completing three years in the pre revised scale of Rs 12000-420-18300 shall be notionally placed at the minimum of the pay band Rs 37400-67000 with Academic Grade Pay Rs 9000 for the revision of their pension /family pension with effect from 1.1.2006, shall also be taken into consideration.

An immediate action in this matter is solicited.

Yours faithfully,

Prof. K.Sasidharan
President, AKPCTA

Prof.P.Reghunath
General Secretary, AKPCTA



കാലിക്കറ്റ് സർവകലാശാലയിൽ നിന്നും കോമേഴ്സിൽ ഡോക്ടറേറ്റ് ലഭിച്ച ഒററപ്പാലം എൻ. എസ്. എസ് കോളജ് അധ്യാപകൻ **വി.കെ.സുധാകരൻ** . *The Impact of Financial Sector Reforms on the Banking Sector in Kerala* എന്ന വിഷയത്തിൽ കുസാററിലെ പ്രൊഫ. ഡോ. കെ. ബി. പവിത്രൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം



കാലിക്കററ് സർവകലാശാലയിൽ നിന്നും കോമേഴ്സിൽ ഡോക്ടറേററ് ലഭിച്ച നാട്ടിക എസ്.എൻ കോളജ് അധ്യാപകൻ **പി. എസ്. ഫിറോസ്** *Role of Primary Housing Co operatives In Financing Rural Housing in Kerala* എന്ന വിഷയത്തിൽ കുസാററിലെ പ്രൊഫ. ഡോ. കെ. ബി. പവിത്രൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം



മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് ചരിത്രത്തിൽ ഡോക്ടറേററ് നേടിയ പെരുമ്പാവൂർ മാർ ത്തോമ്മാ വനിതാ കോളജ് ചരിത്രവിഭാഗം അധ്യാപകൻ **ഫിലിപ്പ് ചെറിയാൻ.** *Land Tenure Systems in Travancore (1865-1959): Nature, Evolution and Impact* എന്ന വിഷയത്തിൽ ഡോ.പി.ഡി. ജോണിയുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



*കുഞ്ഞുണ്ണി സാഹിത്യത്തിലെ നാടോടിപാരമ്പര്യം* എന്ന വിഷയത്തിൽ എം.ജി. സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേററ് നേടിയ കോലഞ്ചേരി സെൻറ് പീറേറഴ്സ് കോളജ് മലയാളവിഭാഗം അധ്യാപകൻ **പോൾ വി. വർഗീസ്.** ആലുവ യു.സി.കോളജ് മലയാളവിഭാഗത്തിലെ ഡോ.എ.ഗോപിനാഥനായിരുന്നു ഗവേഷണ മാർഗദർശി.



മേലുക്കാവ് ഹെൻറി ബേക്കർ കോളജ് മലയാളവിഭാഗം അധ്യാപകൻ **വി. രാജു കൃഷ്ണപുരത്തിന്** മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നും ഡോക്ടറേററ് ലഭിച്ചു. എം. ജി. സർവകലാശാല സ്കൂൾ ഓഫ് ലെറേറഴ്സിൽ, പ്രശസ്തകവി, ഡി.വിനയചന്ദ്രൻെറ മേൽനോട്ടത്തിൽ *മലയാളനാടകങ്ങളിൽ പ്രതിഫലിക്കുന്ന സ്ത്രീ സ്വാതന്ത്ര്യം* എന്ന വിഷയത്തിലായിരുന്നു ഗവേഷണം.



എം.ജി.യൂണിവേഴ്സിററിയിൽ നിന്നും ഹിന്ദി സാഹിത്യത്തിൽ ഡോക്ടറേററ് നേടിയ കോലഞ്ചേരി സെൻറ് പീറേറഴ്സ് കോളജ് അധ്യാപിക **ഷീല.പി.പി.** *Yaspal our M.Sukumaran Ke upanyasom mem Marxwadi chetna Ek Tulnatmak Adhyayan* എന്നതായിരുന്നു ഗവേഷണവിഷയം. പാലാ സെൻറ് തോമസ് കോളജിലെ ഡോ.കെ.എം.മാത്യുവിൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



*ആധുനിക ഹിന്ദി കഥകളുടെ സാമൂഹ്യശാസ്ത്രപഠനം* എന്ന വിഷയത്തിൽ കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല ഹിന്ദി വിഭാഗത്തിൽ നിന്നും ഡോക്ടറേററ് ലഭിച്ച കളമശ്ശേരി സെൻറ് പോൾസ് കോളജ് അധ്യാപിക **പി.ജെ.ബീന.** കൊച്ചി സർവ്വകലാശാല റീഡർ ആയിരുന്ന ഡോ.എ. അരവിന്ദാക്ഷൻെറ മേൽ നോട്ടത്തിലായിരുന്നു ഗവേഷണം.



മൈസൂർ സർവ്വകലാശാലയിൽ നിന്ന് ഇംഗ്ലീഷിൽ ഡോക്ടറേററ് ലഭിച്ചസുൽത്താൻ ബത്തേരി സെൻറ്മേരീസ് കോളജ് അധ്യാപകൻ **പി. എ. മത്തായി.** *Lingustic Study of Errors of Second Language Learners of English* എന്ന വിഷയത്തിൽ മൈസൂർ സി.ഐ.എ.എല്ലിലെ ഡോ.ചന്ദ്രശേഖരൻനായരുടെ മേൽനോട്ടത്തിലായിരുന്നുഗവേഷണം.



*പാരമ്പര്യവും പാരമ്പര്യ നിഷേധവും നവീന മലയാള കവിതയിൽ കടമ്മനിട്ടക്കവിതകളെ ആസ്പദമാക്കി ഒരു പഠനം* എന്ന വിഷയത്തിൽ കേരള സർവ്വകലാശാലയിൽ നിന്ന് മലയാളത്തിൽ ഡോക്ടറേററ് ലഭിച്ച കായംകുളം എം. എസ്. എം കോളജ് അധ്യാപകൻ **പി. പത്മകുമാർ.** ഡോ.ജി. മാധവൻകുട്ടിയുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കേരള സർവകലാശാലയിൽ നിന്നും മാത്തമററിക്സിൽ ഡോക്ടറേററ് ലഭിച്ച മാന്നാനം കെ. ഇ. കോളജ് അധ്യാപകൻ **കെ.എ. ബാസ്റ്റ്യൻ.** *On the De Composition of Changes in Life Expectancy and its Relationship to Mortality in India- A Math.:matical Approach* എന്നതായിരുന്നു ഗവേഷണ വിഷയം.



മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് ഇംഗ്ലീഷിൽ ഡോക്ടറേററ് ലഭിച്ച തൊടുപുഴ ന്യൂമാൻ കോളജ് അധ്യാപകൻ **കെ.വി. ഡൊമിനിക്** *East West Conflict in the Novels of R.K. Narayan with Special Reference to the Vendor of Sweets, Waiting for the Mahatma, The Painter of Signs and the Guide* എന്ന വിഷയത്തിൽ പാലാ സെൻറ്തോമസ് കോളജിലെ ഡോ.ജോർജ് ജെസ്ററിൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

തൊടുപുഴ ന്യൂമാൻ കോളജിലേയ്ക്ക്

# ബഹുജനമാർച്ച്

**2010 സെപ്റ്റംബർ 23**

സർവീസിൽ നിന്നും പിരിച്ചുവിടപ്പെട്ട

**പ്രൊഫ. ടി.ജെ. ജോസഫിനെതിരിച്ചെടുക്കുക**

**FSETO AKPCTA AKGCT**

# എ.കെ.പി.സി.ടി.എ

# സംസ്ഥാന പ്രവർത്തക ക്യാമ്പ്

2010 സെപ്റ്റംബർ 25,26

**ശാന്തിഗിരി ആശ്രമം**
**എടത്തല (നോർത്ത്)**
**എറണാകുളം**

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Tvpm-35 Phone 2463424
Fax: 0471-2468984 e-mail: akpctatvm@gmail.com, www.akpcta.org Printing & Typeset: New Gemini Printers, Tvpm-01 Ph: 3012141
Chief Editor: Dr. S. Jayaraj Kumar